4644

# കംസൻ

കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻതമ്പുരാൻ

# കംസൻ

3469

THE KOTTAYAM PUBLIC LIBRARY
KOTTAYAM
TRAVANCORE

ഗ്രന്ഥകർത്താ:—

**കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ**

പ്രസാധകന്മാർ:—

**പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.**

വില: പന്ത്രണ്ടണ.

**Second Edition 1951.**

1000 Copies

*(Copyright to Publishers)*

**Printed at**

**Navodayam Press, Kozhikode.**

# മുഖവുര

മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ താരുമനസ്സുകൊണ്ടു കംസൻെറ വാസ്തവമായ ഒരു ചിത്രമേ ചരിത്രമോ നമുക്ക് ആദ്യമായി കാണിച്ചുതന്നിട്ട് ഇപ്പോൾ പതിനാലു കൊല്ലത്തോളമായിരിക്കുന്നു. ഇത്രയും മഹത്വമുള്ള ഒരു കൃതി കൌമുദിയിൽ ഒരിക്കൽ കണ്ടതുകൊണ്ടു മാത്രം മതിയാവില്ലെന്നു കരുതി, അക്കാലത്തിന്നടുത്തുതന്നെ അതു പുസ്തകാകൃതിയിൽ പ്രകാശിപ്പിക്കുകയും, രണ്ടുനാലു കൊല്ലങ്ങൾക്കുള്ളിൽ വീണ്ടും ഒരു പതിപ്പുകൂടി ആവശ്യമായി വരികയും ചെയ്തിട്ടുള്ളതു വായനക്കാർക്കറിയാവുന്നതാണല്ലോ. ഇപ്പോൾ ആ രണ്ടാംപതിപ്പും തീരെ അവസാനിച്ചിരിക്കയാലാണ് ഈ മൂന്നാംപതിപ്പു പ്രസിദ്ധപ്പെടുത്തുന്നതു്.

ഈ ഖണ്ഡകൃതിയ്ക്കുള്ള അനിതരസാധാരണമായ ഗുണപൌഷ്കല്യത്തെപ്പറ്റി ഇവിടെ പ്രത്യേകിച്ചൊന്നും പറയേണ്ടതില്ല. സുപ്രസിദ്ധങ്ങളായ സംസ്കൃതശബ്ദങ്ങൾ കൂടി കഴിയുന്നതും പരിഹരിച്ചു്, ശുദ്ധഭാഷാപദങ്ങൾ സുഗമവും സുന്ദരവുമായ രീതിയിൽ ഘടിപ്പിച്ചു്, അലങ്കാരങ്ങളെ ഔചിത്യംപോലെ മാത്രം സ്വീകരിച്ചു്, സ്വാഭാവികഭംഗിയിലെഴുതി വിട്ടിട്ടുള്ള ഈ ഖണ്ഡകൃതി-304 ശ്ലോകങ്ങളുള്ള ഒരുത്തമകാവ്യം—ഇന്നത്തെ യുവകവികളുടെ കേകയും, കാകളിയും, മഞ്ജരിയും, മററു ഗാഥകളും കേട്ടു കേട്ടു മുഷി

ഞ്ഞിരിക്കുന്നവർക്കു നിത്യനിർവൃതിയ്ക്കായി കിട്ടിയിരിക്കുന്ന ഒരു ദിവ്യൌഷധം തന്നെയാണ്.

ഈ കൃതിയുടെ ഗുണഗണങ്ങളെ കാണിയ്ക്കാൻ ഇതിൽ നിന്ന് ഏതു ശ്ലോകവും എടുക്കാവുന്നതുകൊണ്ട് ആ കൃത്യത്തിന്നു ഞാനിപ്പോൾ തുനിയുന്നില്ല.

'ഒളിച്ചുനോക്കും പുരനാരിമാരണി-
ച്ചൊളിച്ചണക്കണ്മണിമാല ചാർത്തിയോർ'.

'പഴിച്ചു പാപ്പാൻ പകകൂട്ടി നേക്കവി-
ട്ടൊഴിച്ചുമാറാത്തൊരു കൊമ്പനാനയെ
മിഴിച്ചുകണ്ടാന്നു കുതിച്ചു മസ്തക-
ക്കുഴിച്ചുഴിക്കുന്നിയടിച്ചു നിർത്തിനാൻ'.

'പിടച്ചെഴുന്നേററു മുഖത്തു കയ്യുല-
ച്ചുടച്ചുടിച്ചാർത്തിവളർത്തിയാർത്തവൻ
നടച്ചുവട്ടിൽ കരി കണ്ടിടാത്തിട-
ത്തിടച്ചുകൂടാതെ കനിഞ്ഞുകൂടിനാൻ'.

ഇങ്ങിനെ അനവധി അകൃത്രിമകവനരത്നങ്ങൾ മറേറതൊരു ഭാഷാകാവ്യത്തിൽനിന്നാണ് നമുക്കു കിട്ടുന്നതെന്നു വായനക്കാർ ആലോചിക്കണം അധികം വിസ്തരിക്കുന്നില്ല. യഥാർത്ഥ മഹാകവിയായ തമ്പുരാൻ തിരുമനസ്സിലെ ഈ അനർഘനിധിയെ സൂക്ഷിക്കുന്നതു് കേരളീയരുടെ കടമയാണെന്നു മാത്രം പ്രസ്താവിച്ചുകൊള്ളുന്നു.

കോട്ടയ്ക്കൽ
1101 കർക്കടകം 30-ാംനു- } പി. വി. കൃഷ്ണവാരിയർ.

# കംസൻ

പ്രസിദ്ധമാകും മധുരാപുരിക്കകം
വസിച്ചിടും ഭൂപതി ഭോജവംശജൻ
അസിപ്രയോഗപ്രിയനുഗ്രസേനനോ
രസിച്ചു നായാട്ടിനു പോയിരുന്നപോൾ. 1

പ്രിയൻ വരും സന്ധ്യയിലെന്നുവെച്ചതി-
പ്രിയംപെടും പത്നി ദിനാന്തവേളയിൽ
സ്വയം ഗൃഹോദ്യാനമണഞ്ഞു റ്റൂവു-
ത്തയത്നമിഷ്ടപ്പടി സഞ്ചരിക്കയാം. 2

വിമാനസഞ്ചാരിയൊരാഢ്യദാനവ-
പ്രമാണിയിന്നല്ലൊരു സുന്ദരാംഗിയിൽ
സ്വമാനസം കാമനു കീഴടങ്ങുമ-
ക്രമാൽക്കള്ളുക്കമ്പടി കണ്ണുവെച്ചുപോൾ. 3

തിരിഞ്ഞു ഭോജേശ്വരപത്നിയാണിതെ-
ന്നറിഞ്ഞു ദൈത്യപ്രബല ദിവ്യദൃഷ്ടിയാൽ
ചെരിഞ്ഞു ചെല്ലും മദനാജ്ഞയാൽ മനം-
മറിഞ്ഞു മന്നത്തമെടുത്തടുത്തുപോൾ. 4

വരാംഗിയാൾ, തന്നരികത്തണഞ്ഞൊരാ-
വരാംഗികശ്രീ കലരുന്ന ദൈത്യനെ
ചിരാന്തരംഗപ്രണയത്തൊടാദരി-
ച്ചൊരാന്തരം ഗർഹിതമട്ടിലാക്കിനാൾ. 5

വിടാഗ്രിമൻ ക്രൂടനരേന്ദ്രനിത്തരം
വിടാതെയന്തികെ നിഷിദ്ധമാകിലും
സ്ഫുടാനുരാഗം രതിചെയ്തു, കാമന്തു-
ക്കിടാൻ തുടർന്നാൽ സമയം നിനയ്ക്കുമോ? 6

കഴിഞ്ഞു കാര്യം; നൃപരൂപി ദൈത്യനു-
ള്ളഴിഞ്ഞു തന്വംഗിയോടോതിയിങ്ങിനെ:-
"വഴിഞ്ഞു വീര്യം വിലസുന്ന പുത്രനു-
ണ്ടുഴിഞ്ഞുവെച്ചിട്ടയി നിൻെറ കുക്ഷിയിൽ. 7

ധരിക്ക, ഞാൻ നിൻപ്രിയഭൂപരൂപമേ-
ററിരിക്കവോനാമൊരു ദിവ്യദൈത്യനാം;
തിരിക്കവേണ്ടാ വദനം; വിരിഞ്ചവാ-
ക്കൊരിക്കലും തെററുകയില്ല വല്ലഭേ! 8

മഹാശയേ! കേളിതു; കാലനേമിയാം
മഹാസുരൻ നിന്മകനായ്പ്പിറന്നിടും;
മഹാനവൻ മന്നിൽ മികച്ച വീരരാം
മഹാരഥന്മാരിലതിപ്രസിദ്ധനാം. 9

ഇവൻ ജഗത്തിൽ ജയമാർന്ന ദേവദാ-
നവർക്കുപോലും പരിശങ്ക്യനായ്ച്ചിരം
നവപ്രഭാവൻ നിജഭാഗിനേയമാ-
ധവൻെറ കൈകൊണ്ടു മരിച്ചു മുക്തനാം." 10

പ്രിയൻെറ സാരൂപ്യമെടുത്ത ദാനവൻ
പ്രിയത്തൊടീവണ്ണമുരച്ചിടുമ്പൊഴു-
സ്വയം വിഷാദാൽഭുതഭീതികൌതുക-
സ്വയംഗ്രഹവ്യാകുലയായി ദേവിയാൾ. 11

3469

വരക്ഷമാപാലനെ വിട്ടിഹ സ്വയ-
വരക്ഷമാന്യാസുരസംഗമേററതിൽ
ഉരക്ഷദൂഷ്യം നിരൂപിച്ചു മാലിയ-
ന്നൊരക്ഷരംപോലുമുരച്ചതില്ലവൾ. 12

ദൃശാന്തരംഗം വെളിവായറിഞ്ഞുടൻ
പ്രശാന്തഗംഭീര മുരച്ചു ദാനവൻ:—
"വിശാലനേത്രേ! വ്യസനിച്ചിടേണ്ടെടോ
വിശാലയം, കൌശലമൊന്നു ചൊല്ലിടാം. 13

കനക്കമാറെന്നുടെ യോഗവിദ്യയാൽ
നിനക്കു തന്നേൻ ക്ഷണഗർഭവൃദ്ധിയും
അനല്പമിഷ്ടപ്പടി സൂതിശക്തിയും
മനക്കരുത്തോടു മറച്ചുകൊൾക നീ". 14

അനുഗ്രഹംപോലിതുരച്ചു ദൈത്യന-
ങ്ങനപ്രവേശിച്ചു വിമാനവീഥിയിൽ,
തനപ്രശാന്തെവ്യഭിചാരഭീതിയായ്
നന ക്ഷണം ഗേഹമണഞ്ഞു രാജ്ഞിയും 15

സ്ഫുടം ക്ഷണത്തിൽപ്പരിപൂർണ്ണഗർഭയാ-
യുടൻ നിഗൂഢം പ്രസവിച്ചു സാദ്ധ്വിയാൾ
കടഞ്ഞ വൈഡൂര്യമണിത്തിടമ്പിനോ-
ടിടഞ്ഞ ചൈതന്യമിയന്നൊരുണ്ണിയെ. 16

മുദാ രമിച്ചങ്ങൊരു നോക്കു കണ്ടുവെ-
ച്ചുദാരരൂപാകൃതിപൂണ്ട പുത്രനെ
തദാ രയാൽക്കംസപദത്തിൽവെച്ചട-
ച്ചുദാരയെന്നാൾമൊഴുക്കി വാരിയിൽ. 17

അലം മറച്ചായവളക്ക്ജൊസരി-
ജ്ജലത്തിൽ വിട്ടപ്പൊളൊലിച്ച കാംസ്യമോ
അലഞ്ഞുലഞ്ഞങ്ങിനെ ശൂരസേനഭൂ-
തലത്തിലുള്ളാററുവഴിക്കണഞ്ഞുതേ. 18

സ്വഗൂഢസംസൎഗ്ഗ,മിവണ്ണമുണ്ണിയെ-
സ്സുഗൂഢമാം മട്ടിലൊഴുക്കിവിട്ടവൾ
നിഗ്രഹണംചെയ്തിതു; ദുഷ്പ്രവൃത്തിതൻ
നിഗ്രഹണം മറെറാരു ദുഷ്പ്രവൃത്തിയാം 19

ഒലിച്ചൊലിച്ചാശ്ശിശുകംസപാത്രമ-
ച്ചലിച്ചു മുങ്ങാതൊരു ദൈവശക്തിയാൽ
ജ്വലിച്ചുകണ്ടാപ്പുഴ പുക്ക വൎത്തകൻ
വലിച്ചു കേറി 'ബലഭദ്ര'നെന്നവൻ. 20

മകൻ പിറക്കാത്തൊരു സാധു പാത്രിക-
യ്ക്കകം വിളങ്ങുന്ന വിശിഷ്ടബാലനെ
വികല്പമില്ലാതെയെടുത്തു; ദൈവത-
പ്രകല്പിതം മറെറാരു മട്ടിലാകുമോ ? 21

അലബ്ധസന്താനനവൻ സഭാൎയ്യനീ-
വിലപ്പെടും സ്വത്തു കിടച്ചകാരണം
അലം പ്രസാദിച്ചു വണിക്കു വൃദ്ധിയാം-
നിലയ്ക്കു രക്ഷിച്ചിതൊരഞ്ചു വത്സരം. 22

ഒരിക്കലാവൎത്തകനിഷ്ടമിത്രമാം
-വരിഷ്ഠശീലൻ വസുദേവരാജനെ
ശരിക്കു പോയ്ക്കണ്ടളവുണ്ടു കൌതുകം
സ്മരിക്കുമീകംസകുമാരനൊപ്പമേ. 23

അവൻെറയേറെച്ചൊടിയുള്ള ഭംഗി ക-
ണ്ടവൻ പ്രിയത്താൽ വസുദേവയാദവൻ
സുവംശ്യനാണീശ്ശിശുവെന്നു കണ്ടു ന-
ല്ലവൻ വളൎത്തുന്നതിനേററു വാങ്ങിനാൻ. 24

സുസിദ്ധസാമൎത്ഥ്യമൊടെന്തിനും മഹാ-
പ്രസിദ്ധനാകുംപടി കംസബാലകൻ
രസിച്ചു രഞ്ജിപ്പൊടു വേണ്ട വിദ്യയ-
ഭ്യസിച്ചുകൂടീ വസുദേവരക്ഷയിൽ. 25

മരിച്ചുപോയീ ബലഭദ്രവൈശ്യനെ-
ന്നിരിക്കിലും വേണ്ടതുപോലെ ബാലനെ
തരിമ്പുമൂനംപിണയാതെ പോററിനാൻ
വരിഷ്ഠശീലൻ വസുദേവയാദവൻ. 26

സമസ്തശാസ്ത്രാഗമരീതിയിങ്കലും
ക്രമത്തിൽ മല്ലായുധവിദ്യയിങ്കലും
സമൎത്ഥനായ്ത്തീൎന്നിതു കംസനേതൊരാ-
ളുമൎത്ഥസിദ്ധിയ്ക്കുമൊരുക്കമാംവിധം. 27

മുറയ്ക്കു കംസൻ നവയൌവനത്തില-
ങ്ങുറയ്ക്കുമാമെയ്യൊടുയൎന്നു സുന്ദരൻ
പരാക്രമാശാസ്യവിശേഷവീൎയ്യനായ്
പരം വളൎന്നു വസുദേവലാളിതൻ. 28

സദായ്പ്പൊഴും കംസനടുത്തു വേണമി-
ങ്ങുദാരനാകും വസുദേവനങ്ങിനെ
സ്വദാസ്യമല്ലത്തമസൂതഭാവവും
തദാ സമാനസ്ഥിതിയും കൊടുത്തുപോൽ. 29

അനന്യോപമപ്രൌഢിപെടുന്ന കംസനോ
മനോരഥം വേണ്ടവിധം നടത്തിയും
വിനോദമായിപ്പല വിദ്യ കാട്ടിയും
ജനോദയത്തിങ്കൽ മിടുക്കു നേടിനാൻ. 30

ഒരിയ്ക്കലിക്കാലമുദാരവീരനാ-
യിരിയ്ക്കുമാ മാഗധമന്നവേശ്വരൻ
ശരിയ്ക്കു തൻകീഴ്നൃപരോടു താൻ കരം
പിരിയ്ക്കവേ തെററി സുരാഷ്ട്രനായകൻ. 31

സുരാഷ്ട്രന്നുഴപ്പടി കപ്പമിങ്ങടൻ
തരായ്കയാലായവനെപ്പിടിക്കുവാൻ
ജരാസുതക്ഷ്മാപതി ശൂരസേനനാം
ധരാധിപന്നാജ്ഞ കൊടുത്തിതൂർജ്ജിതം 32

'അരാതിമട്ടാകിന്ന വീരസിംഹനെ-
പ്പരാക്രമംകൊണ്ടു പിടിച്ചടക്കിയാൽ
വരാംഗിമാരെന്റിരുപുത്രിമാരെയും
തരാമവന്നീപ്സിതമേകരാജ്യവും'. 33

സ്വകാര്യമിമ്മാതിരിയിൽ പ്രലോഭന-
പ്രകാരവും ചേർത്തൊരു രാജശാസനം
സ്വകാന്തമഭ്രുവാം വസുദേവവീരന-
പ്രകാരമേ ശൂരനരേന്ദ്രനേകിനാൻ. 34

കിടച്ചൊരീക്കല്പനകൊണ്ടു കാമവും
മദതാപവും രാജ്യവുമൊത്തു നേടുവാൻ
ഉടൻ പുറപ്പെട്ടിതു, കംസനൽക്കടം
നടത്തിടും തേരതിലന്നു ശൌരിയും. 35

ഒരുമ്പെട്ടമ്പോടൊരു തേരുമാത്രമായ്
പെരുമ്പടക്കോപ്പുകളൊന്നുമെന്നിയേ
വരുമ്പടുശ്രീവസുദേവനോടു താൻ
പെരുമ്പടുത്വത്തൊടെതിർത്തു ശത്രുവും. 36

പെരുത്ത ശത്രുപ്പട ചുററുമമ്പയ-
ച്ചുരുത്തുകൊന്നു,ക്കൊട്ട വീരസിംഹനെ
കരുത്തുകൂട്ടം വസുദേവനേററുടൻ
മരുത്തു പോരിൽപ്പരമമ്പരത്തിനാൻ. 37

പരസ്പരം വിക്രമവൃദ്ധികാട്ടിയും,
പരസ്സഹസ്രം ശരമാരി തൂകിയും,
പരപ്രയോഗപ്രതിയോഗപാടവം
പരപ്പിലേററാരിരുപേരുമൊപ്പമേ. 38

ക്ഷണത്തിലീവീരരിടഞ്ഞുകേറിടും
രണത്തിലാസ്സൂതരുമൊപ്പമപ്പൊഴേ
കിണച്ചിലിൽക്കേററിവിട്ടും ഹയങ്ങളെ-
പ്പിണച്ചിലിൽപ്പെട്ടവിധം കലർത്തിനാർ. 39

അടുത്തു തേരാണ്ടരിയിൽക്ഷുരങ്ങളെ-
ത്തൊടുത്തു തൂകുന്നൊരു വീരസിംഹനെ
തടുത്തുകൂടാത്തൊരു ശക്തിയുള്ളവൻ
കടുത്തു ചാടിപ്പിടികൂടി കംസനും. 40

തിരിഞ്ഞുടൻ ശൌരിരഥദ്ധ്വജത്തിലായ്
വരിഞ്ഞുകെട്ടീട്ടു വിരോധിവീരനെ
ചിരിച്ചുനോക്കും വസുദേവനുള്ള തേർ
തിരിച്ചുവിട്ടു ജയഘോഷമാർത്തവൻ. 41

ഉടൻ ജരാസന്ധപുരത്തിലേക്കു തേർ
നടത്തുകെന്നായ് പിതൃസമ്മതത്തൊടും
കടന്നുപോകും വസുദേവനേ വഴി-
ക്കിടയ്ക്കു കണ്ടെത്തി മഹർഷി നാരദൻ. 42

വഴിക്കു കണ്ടോരളവിത്തരത്തെ വി-
ട്ടൊഴിയ്ക്കുവയ്യെന്നു നിനച്ചു മാമുനി
മൊഴിച്ചുരുക്കത്തൊടു ശൌരിതൻ ചെവി-
യ്ക്കൊഴിച്ചു ശുദ്ധം ഗുണദോഷഭേഷജം. 43

“ജരാസുതൻതന്നുടെ പുത്രിമാരെ നീ
പരാക്രമപ്രൌഢിവഴിക്കു വേൾക്കൊലാ;
വരായിതൻ വംശവിരോധകാരിയായ്-
വരാനെളുപ്പം, വഷളാണു ജാതകം”. 44

മുനീന്ദ്രനീവാക്കു പറഞ്ഞവാറുടൻ
മനീഷി ചൊല്ലീ വസുദേവയാദവൻ:—
“വിനീതനീ നമ്മുടെ കംസസൂതനാ-
ണനീഹനെന്നാലുമിതിൽജ്ജയിച്ചവൻ. 45

ബലാധികാഞ്ചീശപരബന്ധുഭാവമാം
ഫലാപ്തിയേൽക്കട്ടെയിവൻ ജയിച്ചവൻ;
കലാദിയില്ലാത്തൊരിവന്നു പററിടാ
വിലാസിനീജാതകദോഷലേപനം”. 46

നിറഞ്ഞിടും നീതി നയിച്ചു നന്ദിയിൽ-
പ്പുറഞ്ഞിടുന്നീ വസുദേവവാക്കിനാൽ
തിരിച്ചുടൻ കംസനെയൊന്നു നാരദൻ
ചിരിച്ചുകൊണ്ടാടി രസിച്ചു നോക്കിനാൻ. 47

വണക്കമേറുന്നൊരു കംസനോടടു-
ത്തിണക്കമായിച്ചില നല്ല വാക്കുകൾ
ഗുണപ്രഭാവാനുഗുണം പറഞ്ഞഹോ
രണപ്രിയൻ മാമുനിയങ്ങു പോയിനാൻ. 48

ഗിരിവ്രജം പുക്കിവർ മാഗധേന്ദ്രനെ-
ജ്ജരിക്കു കണ്ടിട്ടു സുരാഷ്ട്രനാഥനെ
അരിസ്ഥിതിക്കേകിന കെട്ടഴിച്ചു കീ-
ഴിരിക്കുമാറങ്ങിനെ കാഴ്ചവെച്ചുതേ. 49

ജയം കഥിക്കും വസുദേവവാക്കിനാൽ
നയംവിടാത്താ പ്രഭു സത്യസംഗരൻ
സ്വയം നൃപൻ കംസനു രണ്ടു മക്കളെ
സ്വയംവരപ്രൌഢിയൊടും കൊടുത്തുതേ. 50

"വരേണ്യമാമേതൊരു രാജ്യമാണു ഞാൻ
തരേണ്ടതെ"ന്നാ നൃപനോതിയപ്പൊഴേ:—
"തരേണ്ടതിഷ്ടം മധുരാപുരീസ്ഥലം
തരേണ"മെന്നായറിയിച്ചു കംസനും. 51

"പടയ്ക്കിറങ്ങിപ്പടുവീര! നീ പിടി-
ച്ചടക്കിയാല്യാ നനു സമ്മതിച്ചു ഞാൻ;
മിടുക്കു കാട്ടാൻ മതിയായ സൈന്യമേ-
റെടുക്കുകെ"ന്നാൻ നൃപമൌലി സസ്മിതം. 52

"മഹീന്ദ്ര! നിൻകല്പനപോലെ"യെന്നര-
ച്ചഹീനധൈര്യം വസുദേവസാരഥി
ഗൃഹീതമാമല്പബലത്തൊടൊത്തുടൻ
മഹീശനാവാൻ മധുരയ്ക്കിറങ്ങിനാൻ. 53

പുരം വളഞ്ഞാമഗധേന്ദ്രനന്ദനീ-
വരൻ യുവാവാം വസുദേവസാരഥി
പരം പടയ്ക്കാററളവിൽ ഭടാൽക്കടൽ
നിരന്നു പോരിന്നുടനുഗ്രസേനനും. 54

ഇതിന്നിടയ്ക്കാമധുരാപുരീക്ഷമാ-
പതിയ്ക്കടുത്തെത്തി രണപ്രിയൻ മുനി
"മതി പ്രഭോ! നിൻ മകനാണു കംസനി-
ങ്ങെതിർത്തിടായ്ക്കെ"ന്നു തടുത്തു സംഗരം. 55

ഭവാനിനി സ്വസ്ഥത പൂണ്ടിരിക്കയും,
യുവാവിവൻ നാടുഭരിച്ചു വാഴ്കയും
തവാനുഭാവത്തിനു തക്കതെ"ന്നുമായ്
സ്വവാക്കിനാൽക്കൂട്ടിയിണക്കി നാരദൻ. 56

മഹർഷി കല്പിച്ചതുപോലെ രാജ്യമി-
മഹാനു കല്പിച്ചുകൊടുത്തു മന്നവൻ
മഹത്ത്വവും കണ്ടു രസിച്ചുകൊണ്ടു താ-
നിഹ സ്വയം സ്വസ്ഥസുഖത്തിൽമേവിനാൻ. 57

വിശേഷമട്ടിൽബ്ബലഭദ്രവൈശ്യനു-
ള്ള ശേഷബന്ധുക്കളെയാദരിച്ചവൻ
സശേഷനന്ദിക്കു ധനം കൊടുത്തു നി-
ർവ്വിശേഷമായ്ക്കച്ചവടം വളർത്തിനാൻ. 58

ശരിയ്ക്കിവണ്ണം മധുരാപുരീശ്വരൻ
ഭരിച്ചു നാട്ടിൽപ്പുരി പുഷ്ടിവായ്ക്കയാൽ
ഒരിക്കലും താഴ്ച്ചവരാതെ വിണ്ണുപോ-
ലിരിക്കുമെന്നായിതു ഭോജപട്ടണം. 59

വിദർഭരാജാവു തുടങ്ങിയുള്ളോരാ-
വിദഗ്ദ്ധഭോജാന്വയജന്മമങ്ങിനേ
ഹൃദന്തരത്തിൽ പ്രണയം പെരുക്കമം-
മുദന്തമോരോന്നു നടത്തിനാനവൻ. 60

അദൃഷ്ടഭാവത്തൊടു ധർമ്മനിഷ്ഠയാൽ
മൃദുപ്രശാന്തൻ പ്രകൃതിപ്രിയവ്രതൻ
യദുക്കളൊായോക്കഖിലക്ഷ്മമീശനായ്
സുദുഗ്ദ്ധശുഭ്രദ്യോതമകീർത്തി നേടിനാൻ. 61

അലുപ്തധർമ്മാർത്ഥവിശിഷ്ടകാമമൊ-
ത്തലുബ്ധനാം കംസനയന്നിരിക്കവേ
കുലങ്ങളെന്യേ ചില മല്ലരെത്തിനാർ
തെലുങ്കർ ചാണൂരകമുഷ്ടികാദികൾ. 62

അടുക്കപോലങ്ങിനെ കച്ചകെട്ടി മെയ്-
മിടുക്ക നേടീടിന മല്ലരാമിവർ
നടക്കമോരോരിടമിത്തൊഴിൽക്രമാൽ
കടക്കുകത്രേ മധുരാപുരിക്കകം. 63

സമത്സരീക്കൂട്ടരൊരുങ്ങി യോഗമായ്
സമസ്തദിക്കിങ്കലുമുള്ള മല്ലരെ
തിമർത്തെതിർത്തങ്ങിനെ മൽപ്പിടിക്കളി-
ക്കമത്ര തോല്പിച്ചു പുകൾന്ന പൂജ്യർപോൽ. 64

കരാറുചെയ്താണിവർ മല്ലടിക്കുവാൻ
വരാറു, തോററാലവർ കീഴിൽ നില്ക്കണം;
പരാക്രമംകൊണ്ടിവരെജ്ജയിക്കിലാ-
പ്പരാക്രമിക്കുന്നിവർ കീഴടങ്ങിടും. 65

നരർഷഭൻ കംസനറിഞ്ഞു സത്യസം-
ഗരൻ സമീപത്തിൽ വരുത്തി മല്ലരെ
നിരക്കെയാൾ തിങ്ങിന മല്ലരംഗഭൂ-
നിരപ്പിലാമ്മാറു കളിയ്ക്കിറക്കിനാൻ. 66

മുറയ്ക്കതിൽക്കൂക്കി വിളിച്ചിറങ്ങിവ-
ന്നുറച്ചുനിന്നിട്ടിണയാൾക്കെതിർത്തവർ
അറിഞ്ഞു തല്ലും തടവും പിടിത്തവും
മറിഞ്ഞു പിൻവാങ്ങലുമായ്ക്കളിച്ചുതേ. 67

അടുത്തെതിർക്കും നിജനാട്ടുകാരെയേ-
റ്റെടുത്തു തോല്പിച്ചവർ കീഴടക്കവേ
കടുത്തു കംസൻ ഭടരംഗഭൂവിലേ-
യ്ക്കെടുത്തു ചാടിക്കളിയാടി കൗതുകാൽ. 68

ചടങ്ങിൽ മുമ്പൊന്നു വണങ്ങി വീര്യമാർ-
ന്നടങ്ങിനില്ക്കാതെതിരിട്ടു മുഷ്ടികൻ
മടങ്ങുമോ കംസനുമെന്നു സംശയം
തുടങ്ങുമാറങ്ങിനെ മല്ലടിച്ചുതേ. 69

അടിച്ചു കേറുന്നൊരു മുഷ്ടികന്റെ മെയ്-
പിടിച്ചു പൊന്തിച്ചുമിടത്തുകയ്യിനാൽ
പൊടിച്ചു ചാണൂരനെയീനിലയ്ക്കു മ-
ല്ലടിച്ചുകൊൾകെന്നൊരു നോക്കു നോക്കിനാൻ. 70

എടുത്തുകാൽകൊണ്ടു ദൃഢം വലഞ്ചെവി-
ത്തടത്തു ചാണൂരനടിച്ചിതപ്പൊഴേ
എടത്തരം ശക്തിയിലൊന്നവന്റെ മാ-
ത്തടത്തരം കംസനൊരുന്തിൽ വീഴ്ത്തിനാൻ. 71

പ്രമാണിമാരാമിവരെജ്ജയിച്ചനു-
ക്രമാൽ നിരക്കും മറുമല്ലരേയുമേ
സമാനമോടിക്കളിയിൽപ്പിടിച്ചുല-
ച്ചമാനമാഹാത്മ്യനരങ്ങിളക്കിനാൻ. 72

ക്ഷണത്തിലന്നാങ്ങിനെ മല്ലവീരരെ-
ഗ്ഗണത്തൊടേ വെന്നഥ കീഴടക്കിയും
ഇണക്കിയും വേണ്ടൊരു വൃത്തിനൽകിയും
ഗുണജ്ഞനാം കംസനൃപൻ വളർത്തിനാൻ. 73

സ്വകാനനം പുക്കഖലകേശിപൂതനാ-
ബകാദിതിര്യക്കുലജാസുരാംശരെ
സകാരണം വേട്ടയിൽവെച്ചു വെന്നവൻ
സ്വകാര്യസിദ്ധിക്കുവശത്തിൽ നിർത്തിനാൻ. 74

പ്രലംബനേയും, മരുദംശമാം മഹാ-
ബലൻ തൃണാവർത്തനെയും പിടിച്ചവൻ
ബലപ്രമാണപ്പടി തന്റെ രണ്ടു കൈ-
നിലയ്ക്കു കംസപ്രള വെച്ചിണക്കിനാൻ. 75

സ്വയം പരം കംസനുദിച്ചിതൊന്നു ദിഗ്-
ജയം കഴിക്കുന്നതിനുള്ളിലാഗ്രഹം;
നയജ്ഞർ പാരം വസുദേവനച്ഛനും
പ്രിയത്തൊടക്രൂരനുമായതേററിനാർ. 76

പുറപ്പെട്ടുംമുമ്പിതു മാഗധേന്ദ്രനെ-
പ്പറഞ്ഞുകേൾപ്പിച്ചനുവാദമേററവൻ
ഇറങ്ങിയോരോ നൃപരെജ്ജയിച്ചവ-
ക്കുറപ്പൊടും ചേർച്ച വളർത്തു ചാർച്ചയാൽ. 77

അവന്തികാരൂഷകചേദികേകയ-
ക്കവൻ നിരത്തീ യദുവംശബാന്ധവം
നവം വിശേഷാൽ വസുദേവസോദരീ-
സവർണ്ണപാണിഗ്രഹണങ്ങൾകാരണം. 78

ശരിയ്ക്കവൻ പാണ്ഡുവെഴുന്ന ഹസ്തിനാ-
പരിയ്ക്കുമാക്കൌരവരെജ്ജയിക്കുവാൻ
തിരിയ്ക്കവേ ശാന്തനവൻ നവാദരം
പരിഗ്രഹിച്ചാക്രമണം തടുത്തുതേ. 79

'ഒരുക്കമെന്തിങ്ങിനെ യാദവർക്കുമീ-
ക്കുരുക്കളായിപ്പോരുതേണ്ടിവന്നിതോ?
ഞെരുക്കമേ, നല്ല പഴക്കമുള്ള പേർ
ചുരുക്കമോ,യാരറിയുന്നു സൌഹൃദം? 80

സഹോദരന്മാർനില ഞങ്ങൾ നിങ്ങളും
മഹോദ്യമത്തിൽത്തുണയാം പരസ്പരം;
അഹോ! കിടാങ്ങൾക്കിതറിഞ്ഞുകൂട; നാം
സഹോദ്യമിക്കാ,മിനി വേണമേതോർത്തുവിൻ.' 81

പഴക്കമോടിങ്ങിനെ ഭീഷ്മർ ചൊല്കയാൽ
വഴക്കടിക്കാതവരൊത്തിണങ്ങിനാർ;
ഒഴിക്കുമോ? പാണ്ഡുവിനാലെ വേഴ്ചയാം-
വഴിക്കു വേൾപ്പിച്ചിതു മൂപ്പർ കുന്തിയെ 82

ബലന്ധരർ കാംബോജകസിന്ധുസാല്വഭൃ-
തലന്ധരരാം മന്നവർ മദ്രരാജനും
ബലിഷ്ഠനാം മാഗധനുള്ള മൈത്രിയാൽ
ബലിപ്രദാനം ബത! കംസനേകിപോൽ. 83

ഹിമാദ്രിപാൎശ്വത്തിലെഴുന്ന വീരരാം
പ്രമാണിമന്നോർകളെ വെന്നു വെന്നവൻ
ക്രമാൽക്കിഴക്കോട്ടു കടന്നു ദോൎബ്ബലം
പ്രമാണമാക്കും പല യോധരൊത്തവൻ. 84

കരത്തിനുക്കൊണ്ടഥ കാമരൂപമാം
പുരത്തിൽ വാഴും നരകാസുരേന്ദ്രനെ
തരത്തിൽ വെൽവാനവിടയ്ക്കു വിക്രമം
പരത്തിടും കംസനടുത്തു കേറിനാൻ. 85

ചൊടിച്ചു ചാടും വിവിധക്ഷുരങ്ങളെ-
പ്പിടിച്ചുനിൎത്തീട്ടു മുരാസുരന്റെയും
അടിച്ചുകേററത്തിനമച്ചുചെയ്തു പോ-
രടിച്ചു വീരൻ നരകന്റെ സേനയിൽ. 86

രണക്രമം കണ്ടു തെളിഞ്ഞു ഭൂമിഭൃ-
വിണക്കമൊന്നാ നരകാസുരൻ മഹാൻ
ഗുണക്രമപ്രീതിവഴിയ്ക്കുടുത്തു മാ-
റണച്ചുപുൽകി കനിവാൎന്നു കംസനെ. 87

വിദേഹപാഞ്ചാലകകാശികോസല-
പ്രദേശരാജാക്കളെയും ജയിച്ചവൻ
സദേഹമാം വിക്രമമട്ടു നിന്നവൻ
നിദേശവൎത്തി സ്ഥിതിയിങ്കൽ നിൎത്തിനാൻ. 88

പുരാന്തകൻ കാവലെഴുന്ന ബാണഗോ-
പുരാന്തികത്തെത്തിയ കംസവീരനെ
ഹരാജ്ഞയാൽബ്ബാണനറിഞ്ഞു വാസ്തവം
പരാക്രമിയ്ക്കാതെതിരേററു സാദരം. 89

അവന്നു നേരേ ശിവദൎശനത്തിനും
ശിവപ്രിയാനുഗ്രഹസംഗ്രഹത്തിനും
അവസ്ഥകൂട്ടും ബലിപുത്രസൌഹൃദ-
വ്യവസ്ഥമൂലം തരമായി കേവലം. 90

ക്രമത്തിൽ വെന്നേററഥ പുത്രികാത്മഭൃ-
സമൎപ്പണം, വെട്ടിതു ശൌരി പൌണ്ഡ്റയെ;
സമൎത്ഥനാം പൌണ്ഡ്റകവാസുദേവനി-
ക്രമത്തിലുണ്ടായൊരു കംസമിത്രമാം 91

ധരിത്രിപന്മാൎക്കുള്ള വെന്നുവെന്നുടൻ
ഗിരിവ്രജത്തെത്തിയ കംസനെ സ്വയം
ഗരിഷ്ഠനാം മാഗധരാജരാജനും
പരിഗ്രഹിച്ചു പടയോട്ടുകൂടവേ. 92

ഗിരീന്ദ്രനെപ്പോലെ മദാംബുചോൎന്നിടും
കരീന്ദ്രനൊന്നുണ്ടവനാലെ കംസനെ
പരീക്ഷചെയ്തു നിജശക്തിതുല്യതാ-
നിരീക്ഷണത്തിന്നഥ മാഗധേശ്വരൻ. 93

പടയ്ക്കു മുമ്പൻ പതിനായിരം ഗജ-
ക്കിടയ്ക്കു വമ്പാൎന്ന കുംഭിരാജനെ
നടയ്ക്കു സാമ്യത്തൊടെതിൎത്തു കൂടമാം-
ക്കിടയ്ക്കുവെച്ചോരു പിടിച്ചു സാഹസി. 94

ചൊടിച്ചു നോക്കിച്ചെവി നീൎത്തി വട്ടമായ്-
പ്പിടിച്ചുടൻ തുമ്പി ചുരുട്ടിയാഗ്ഗജം
പടിച്ചു പോരാട്ടമവന്റെ നേൎക്കു പാ-
ഞ്ഞടിച്ചുകേറീ കഠവെച്ചു കത്തുവാൻ. 95

നടിച്ചു കുട്ടിക്കളിപോലെ കംസനോ
പിടിച്ചു കൊമ്പത്തഥ കൊമ്പനാനയെ
മടിച്ചു നില്ക്കാതെയുലച്ചു പിന്നിലേ-
യ്ക്കിടിച്ചു മാററി മധുരസ്മിതാനനൻ. 96

തിരിച്ചു വന്നാക്കരിയോ ബലം പുര-
സ്സരിച്ചുനില്ക്കും മധുരാപുരീശനെ
ചെരിച്ചു തുമ്പിക്കരപാശബന്ധമാ-
ചരിച്ചു പൊന്തിച്ചുപിടിച്ചു വീശുവാൻ. 97

കരീന്ദ്രനുള്ളാക്കരനാഗവല്ലിയാൽ-
പ്പരീതനായ്ത്തീൎന്നവന്നു തൽക്ഷണം
ഗിരീന്ദ്രസാരൻ ധരയിൽക്കലുങ്ങിടാ-
ത്തൊരീനിലയ്ക്കങ്ങിനെ നിന്നു സസ്മിതം. 98

മലച്ചു നില്ക്കാതവനാശു വാൽപിടി-
ച്ചുലച്ചു ചുററിച്ചു മറിച്ചു വിട്ടതിൽ
ബലച്ചുരുക്കം വെളിവാക്കി മണ്ണിൽ വീ-
ണലച്ചു വമ്പേറിന കൊമ്പനാനയും. 99

വ്രജേശ്വരന്മാൎക്കൊരു നാഥനാം ഗിരി-
വ്രജേശ്വരൻ കണ്ടു തെളിഞ്ഞു കംസനെ
നിൎജ്ജഷ്ടമട്ടിൽത്തഴകി പ്രിയത്തൊടാ-
ഗ്ഗജേന്ദ്രനെത്തന്നെ കൊടുത്തയച്ചുതേ. 100

കലിംഗചോളാദികളെജ്ജയിച്ചവൻ
കലിപ്രിയൎഷിപ്രിയസാഹസപ്രിയൻ
ബലിപ്രദന്മാരുടെ മട്ടിലാകുവാൻ
ബലിഷ്ഠനാം പാണ്ഡ്യനൊടേറെറതിൎത്തുതേ. 101

പുകഴ്ന്ന വില്ലാളികളാമിവൎക്കു കൈ-
പ്പകൎന്ന ദിവ്യാസ്ത്രവിലാസവിസ്തരം
നികന്ന യുദ്ധം നിതരാം നടന്നു മേ-
ലകന്നു ദേവാസുരർ കണ്ടുനില്ക്കവേ. 102

പരസ്പരം വൻപട കൊന്നൊടുക്കിയും,
പരശ്ശതം രക്തസരിത്തൊഴുക്കിയും,
പരമ്പരത്തീ സമരം; മരിച്ചപേർ
പരമ്പരക്കൈവഴി ദേവവൎദ്ധനം. 103

ഒടുക്കമെന്തോ വരശക്തികാരണം
തടുക്കവെല്ലാത്തൊരു പാണ്ഡ്യവീരനും
മിടുക്കുകൂട്ടുന്നൊരു കംസനോടു ചേൎ-
ന്നടുക്കുകെന്നായിതു തമ്മിൽ നിശ്ചയം. 104

കടന്നതില്ലാ മലയാളനാട്ടിലേ-
ക്കടൻ നയംകണ്ടൊരു ഭോജനായകൻ
നടന്നു സഹ്യാദ്രിമുടിക്കു ഭാൎഗ്ഗവൻ
തുടൎന്നെഴുന്നാശ്രമഭൂമി കാണുവാൻ. 105

മഹത്തരോൎവ്വീശകുലം മുടിച്ചൊരാ-
മഹർഷി കൊണ്ടാടുകിലേ ജഗജ്ജയം
സ്വഹസ്തസിദ്ധം പരിപൂൎണ്ണമാകുവെ-
ന്നിഹ സ്വയം കംസനുറച്ചു വീൎയ്യവാൻ. 106

അനീഹനാമാ മുനിമുഖ്യനെപ്പരം
വിനീതനായ് കണ്ടു വണങ്ങിനിന്നവൻ
മനീഷിതം മാമുനി വീരകാൎമ്മുക-
ധ്വനീരണം കേൾക്കണമെന്നുണൎത്തിനാൻ 107

ന്നൃപൻെറ വൃത്തം വിവരിച്ചുകേട്ടൊരാ-
ത്തപസ്വി ചൊല്ലീ തരമോടു സസ്മിതം:—
“വിപത്തൊഴിപ്പിച്ചൊരു വില്ലുവെച്ചു ഞാൻ
തപസ്സു ചെയ്തീടുകയാണു സാമ്പ്രതം. 108

അവശ്യമാവശ്യമണഞ്ഞിടുമ്പൊഴേ
സ്വവശ്യരാം ബ്രാഹ്മണർ വില്ലെടുത്തിട്ടു;
ഭവൽപ്രഭാവസ്ഥിതി കണ്ടതിന്നുമേ-
ലവസ്ഥ കാട്ടാമിഹ വേണമെങ്കിൽ ഞാൻ. 109

അതാവിധം ചെയ്തൊരു വൈഷ്ണവം ധനു-
സ്സിതാണു ഞാനും രഘുവീരരാമനും
ഇതാണു ഞാൻകൂട്ടിയതന്യർ ചെയ്തിടാ-
ത്തതാശു താനൊന്നു കുലച്ചുനോക്കെടാ”. 110

മഹർഷിവാക്കിങ്ങിനെ കേട്ടു കംസനോ
മഹർദ്ധിമാൻ വില്ലു വണങ്ങി വാങ്ങിയും
സഹസ്രവീര്യാൽ വിരിയേക്കുലച്ചുടൻ
പ്രഹർഷമോടത്ഭുതമേകി രാമനും 111

കുറച്ചുനേരം നിരുപിച്ചു ബുദ്ധികൊ-
ണ്ടുറച്ചുടൻ ഭാർഗ്ഗവരാമനോതിനാൻ:—
“മറിഞ്ഞു കാലസ്ഥിതി; കാലനേമിയാ-
ണറിഞ്ഞു ഹേ! കംസ! ഭവാനെയിപ്പൊളംഞാൻ. 112

ജനിച്ചു ദൈത്യപ്രള മർത്ത്യനായ് ഭവാൻ
തനിച്ചു താനേററ തപോബലത്തിനാൽ
തനിക്കു മുക്കാൽനില വൈഷ്ണവാംശമു-
ണ്ടെനിക്കു പാർത്താൽപ്രകൃതിക്കു മാത്രമാം. 113

നിരീക്ഷണംകൊണ്ടിതറിഞ്ഞു; നമ്മളിൽ-
പ്പരീക്ഷവേണ്ടാ; വിജയം തരുന്നു ഞാൻ;
ഗിരീശചാപാധികമിദ്ധനുസ്സു നീ
പുരീസ്ഥലേ വെച്ചിനിയൎച്ചചെയ്യെടോ. 114

സഖേ! ധനുൎയ്യാഗവിധോപദേശവും
സുഖേന ചെയ്യാം ചെവിതന്നുകേൾക്ക നീ
അഖേദനായ്വാണിടുകിദ്ധനുഃക്ഷയം-
മുഖേന കാണായ്വരുമന്ത്യകാലവും. 115

മിടുക്കനാം നീയിഹ ധൎമ്മമൎത്ഥവും
പടുക്കൾ നേടുമ്പടിയുള്ള കാമവും
ഒടുക്കമാ മോക്ഷവുമേററു സംസൃതി-
ക്കടുക്കഴിയ്ക്കും പരിപൂൎണ്ണവിഷ്ണുവാം." 116

യഥാൎത്ഥമിബ്ഭാൎഗ്ഗവരാമഭാഷിതം
യഥാവലേ കേട്ടു ധരിച്ചു കംസനും
അഥാനവാദപ്പടി കുന്നിറങ്ങിയാ-
രഥാദിസൈന്യത്തൊടുമൊത്തുകൂടിനാൻ. 117

അഴിഞ്ഞവൻ ഭാൎഗ്ഗവഭ്രമിമട്ടു ക-
ണ്ടൊഴിഞ്ഞു മററുള്ള മഹീശശേഷവും
കിഴിഞ്ഞു നില്ക്കുംപടിയാക്കിവിട്ടതിൽ-
ക്കഴിഞ്ഞുതേ ഭാരതഖണ്ഡദിഗ്ജയം. 118

കടൽക്കു മറേറക്കരെയും ഹിമാദ്രിതൻ
വടക്കുമുഴീശരെ വെൽവതിന്നവൻ
കടക്കുവാൻ സാല്വനൊടൊത്തു വാനിലും
നടക്കുമാസ്സൌഭവിമാനമേറിനാൻ. 119

3469

കിഴിഞ്ഞുകാക്കം സുബലൻെറ നാടകം
വഴിക്കു പോയ്ക്കിമ്പുരുഷക്കു് പൂജ്യനെ
ഒഴിച്ചിടാതാദ്രുമനെ സ്വപക്ഷമാ-
യഴിച്ചു കൈലാസഗിരിയ്ക്കിറങ്ങിനാൻ. 120

ശിവൻെറ മിത്രം പ്രബല പുഷ്പകത്തിലാ-
ണവൻ പ്രസാദിച്ചെതിരിട്ടു കംസനെ
നവം ഗദായുദ്ധവിശേഷരീതിവൈ-
ഭവം പഠിപ്പിച്ചു പടക്കളിക്കലാൽ. 121

സ്വമായയാൽ മാനുഷർ കണ്ടിടാത്തൊരാ-
പ്രമാണിഭിർവ്യാത്തമവീർതുളുക്കിടം
വിമാനിയാത്തുത്തരമാം കുരുസ്ഥലം
വിമാനിയാക്കംസനിണക്കി യുക്തിയാൽ. 122

തിരിച്ചുപോരുംവഴി ചീനമുഖ്യരാ-
യിരിക്കുമേഴരോ ഭൂപവീരരേയുമേ
പരിഷ്കരൽപ്രൌഢി പിടിച്ചുകീഴ്പ്പടി-
യ്ക്കിരിക്കുമാറാക്കി മഹാപരാക്രമൻ. 123

ഹിമാദ്രിപററിപ്പെരുമാറിടുന്നൊരാ-
പ്രമാണിഗന്ധർവ്വരെ വെന്നു നീളവേ
ക്രമാൽ കിഴക്കെക്കടൽവക്കണഞ്ഞവൻ
വിമാനവാൻ സിദ്ധപുരത്തിലെത്തിനാൻ. 124

അതിങ്കലന്നുള്ളൊരുജാതിസിദ്ധരേ-
റെറതിർത്തു പോരാടിന സംഗരത്തിലും
മുതിൻറു നിന്നാരണതന്ത്രി നൽപ്പുകം-
പ്രതിദ്ധ്വചെയ്യേക്കജ്ജയഭേരി കൊട്ടിപോൽ. 125

ചെരിഞ്ഞു കംസൻെറ വിമാനമംബരം
മറിഞ്ഞു നേരിട്ടു വരുന്ന വാസ്തവം
തിരിഞ്ഞുടൻ ജ്യോതിഷദൃഷ്ടികൊണ്ടു ക-
ണ്ടറിഞ്ഞു കാലേ യവനാധിനായകൻ. 126

അതിപ്രകാശത്തോടുമംബരംവഴി-
ക്കെതിൎത്തെഴും സാൽവനുമങ്ങു കംസനും
മതിയ്ക്കുമൊപ്പം കതിരോനുമാംവിധം
മുതിൎന്നിതാജ്യോതിഷി പൂജചെയ്യുവാൻ. 127

യദുക്കളോയ് ജ്ജന്മവിരോധിയെങ്കിലും,
സദുദ്യമൻ ഭാവിയറിഞ്ഞു കംസനെ
അദൃഷ്ടഭാവത്തോടു സൽക്കരിച്ചു സ-
മുദന്നതാത്മാവു വിലോണിയാധിപൻ. 128

അചിന്തനീയാൽഭുതശില്പകല്പനാ-
രുചിപ്രശസ്തം പ്രിയമോടു കംസനായ്
സചിത്രമാം കോമളരത്നകംബളീ-
വിചിത്രഭൂഗോളപടം കൊടുത്തുപോൽ. 129

ഗുണപ്രമാണപ്പടി ദിവ്യശക്തിയോ-
ത്തിണങ്ങി യത്നിച്ചിടുമീത്രിമൂൎത്തികൾ
ക്ഷണത്തിലൊന്നിച്ചതു കണ്ടു നാരദൻ
കണക്കുകൂട്ടീ ത്രിവിധക്രിയാക്രമം. 130

കുറച്ചു നാളായവരൊത്തു പാൎത്തു മേ-
ലുറച്ചു ലങ്കാപുരിയൊന്നു കാണുവാൻ
തിരിച്ചു സൌഭംവഴി രാമകാൎമ്മുകം
ധരിച്ചു കംസൻ യവനേശവാക്കിനാൽ. 131

അഭീതനായിട്ടു വിമാനമാർഗ്ഗമാ-
യഭീഷ്ടലങ്കയ്ക്കു കടന്ന കംസനെ
വിഭീഷണാകാരനിശാടർ ചൂഴമാ-
വിഭീഷണൻ കണ്ടെതിരേറ്റു സാദരം. 132

പുരാ രഘുശ്രേഷ്ഠനെടുത്ത കാർമ്മുകം
കരാഞ്ചലത്തിങ്കലെടുത്തു കാണ്കയാൽ
ചിരാദരപ്രസ്ഫുടഭക്തി കൈതൊഴു-
ന്നൊരാനിലയ്ക്കിങ്ങിനെ ചൊല്ലി രാക്ഷസൻ. 133

"മഹത്തരം രാമധനുസ്സിതാമഹാൻ
മഹർഷി തന്നെന്നതു മുമ്പറിഞ്ഞു ഞാൻ
സ്വഹസ്തവീര്യോർജ്ജിത! കംസ! ഞങ്ങളാ-
ലിഹ സ്വയം വേണ്ടതു ചൊൽക സാമ്പ്രതം." 134

കനിഞ്ഞു കംസൻ തൊഴുതോതിനാൻ: "മുറ-
യ്ക്കിനിയ്ക്കു സാധിച്ചിതു സാധുദിഗ്ജയം
മുനിപ്രവീരോദിതമുണ്ടു ചെയ്യുവാ-
നിനിദ്ധനുസ്ത്യാഗമതാണൊരാഗ്രഹം". 135

ചിരിച്ചുടൻ രാക്ഷസരാജനോതിനാൻ:-
"ധരിത്രിജാജാനി നമുക്കു ലങ്കയെ
തിരിച്ചുതന്നന്നു തുണച്ച വില്ലിതാ-
ണൊരിക്കലും നന്ദി മറക്കയില്ല ഞാൻ. 136

പെരും ധനുസ്ത്യാഗവിധിക്കു വേണ്ടതാ-
സ്വരും ധനം നമ്മുടെ പേക്കു കിങ്കരൻ
തരും ഭവാനാമധുരാപുരിക്കു പോ-
യൊരുങ്ങുകെ"ന്നാൻ പുനരാവിഭീഷണൻ. 137

ഒഴിച്ചു ഭാരം യവനന്നു, ദിഗ്ജയം
കഴിച്ചു കംസൻ മധുരയ്ക്കു പോന്നുടൻ
മിഴിച്ചു നോക്കും പ്രജകൾക്കു കൌതുകം
പൊഴിച്ചുസൌഭത്തെയണച്ചിറങ്ങിനാൻ. 138

ജരാസുതക്ഷ്മാപതി മുമ്പരായിട്ടും
നരാധിപന്മാരെ വരുത്തി രീതിയിൽ
പരാക്രമാംഭോനിധി കംസനാഗ്രഹി-
ച്ചൊരാധനുര്യ്യാഗമുടൻ തുടങ്ങിനാൻ. 139

ധനേശലങ്കേശർ കൊടുത്തയച്ചപോ-
ലനേകമൂഴീശരുമർത്ഥസഞ്ചയം
ജനേഡ്യനാം കംസനു കാർമ്മുകാധ്വര-
ത്തിനേറെ നന്ദിച്ചിഹ കാഴ്ചവെച്ചുതേ. 140

യഥാക്രമം കംസനുദാരവിക്രമ-
പ്രഥാഢ്യനേവം യജമാനനായിനാൻ;
അഥാസ്തിയും പ്രാപ്തിയുമൊത്തുചേർന്നതേ
യഥാപ്രധാനം യജമാനപത്നികൾ. 141

മഹീസുരശ്രേഷ്ഠർ മഹർഷിമാർകളും
മഹീശരും മററു മഹത്തരാള്ളരും
ഗൃഹീതഭാരം ഗൃഹതന്ത്രമററുകൊ-
ണ്ടഹീനമോരോന്നിലിഹ ശ്രമിച്ചുതേ. 142

മഹാമുനിശ്രേഷ്ഠർ വിധാനവിസ്തരം
മഹാധ്വരേ ഭാർഗ്ഗവഗർഗ്ഗനാരദർ
മഹാപ്രമാണാനുഗുണം നടത്തിനാർ;
മഹാജനം തൃപ്തിയടഞ്ഞിതേററവും. 143

3469

അമൎത്ത്യസന്തോഷണമാദ്ധ്യനമ്മഖം
ക്രമത്തിലിമ്മട്ടു കഴിഞ്ഞിതായതിൽ
സമസ്തരാം യാദവവൃഷ്ണിഭോജരും
സമൎത്ഥഭാവത്തിന്നു പാത്രമായിതേ. 144

സ്വയം പിതാവായിട്ടമുഗ്രസേനനും
സ്വയത്നവിത്താം വസുദേവരാജനും
നയജ്ഞനക്രൂരനുമിദ്ധനൎമ്മഖ-
പ്രയത്നസാഫല്യവശാൽ കൃതാൎത്ഥരായ്. 145

യമന്നുമീനാട്ടിലകാലമൃത്യുവ-
ക്രമത്തിലേല്പിപ്പതസാദ്ധ്യമായിതേ;
അമൎത്ത്യരാജന്നുമചിന്ത്യമായിപ്പോൽ
ക്രമത്തിലല്ലാതിഹ മന്നിൽ വൎഷണം. 146

ജലാശയങ്ങൾക്കു വിശുദ്ധി, പുഷ്പസൽ-
ഫലാദിവൃദ്ധിക്കു നിമിത്തമാംവിധം
ജലാധിനാഥൻ വരുണൻ വരുത്തിനാൻ;
നിലാവുകൊണ്ടിന്ദു ഹരിച്ചു ദുൎവ്വിഷം. 147

ഹുതാശനപ്രീതി ലഭിച്ചു നാട്ടിൽ; നൈ-
രൃതാദിബാധോദയമററു കേവലം;
വിതാനകൎമ്മംവഴി ശുദ്ധവായുവിൻ
വിതാനവും കിട്ടി; തെളിഞ്ഞിതീശനും. 148

ഇരുന്നു പാരിൽ പ്രകൃതിപ്രസാധനം
തരുന്ന ദിക്പാലകരെട്ടുമിങ്ങിനെ
പെരുംധനൈശ്വൎയ്യാഗവിധാനശക്തിയാൽ
കരുത്തനാം കാംസന്നു പാട്ടിലായിപോൽ. 149

ത്രിലോകദീപം ഭഗവാൻ ത്രയീമയൻ
വിലോലതീക്ഷ്ണാംശു ചുഴന്ന സൂര്യനും
അലോപിശീതോഷ്ണഗുണക്രമത്തിനാൽ
ഫലോദയം കംസനഭീഷ്ടമേകിനാൻ. 150

ഇതീവിധം ക്ഷാത്രവുമാദ്ധ്വനർമ്മുഖ-
പ്രതീതമാം ബ്രാഹ്മവുമൊത്തുചേർന്നതിൽ
അതീവ സിദ്ധിച്ചിതു ധർമ്മകർമ്മമെ-
ന്നതീശ്വരാധീനമെഴുന്ന പൌരുഷം. 151

ഇതാനിലയ്ക്കാണ്ടിട പന്തിരണ്ടിനു-
ണ്ടിതാദ്ധ്വരത്യാഗവിധിക്രിയാഫലം
പ്രതാപിയാം കംസനു സിദ്ധമിത്തരം
നിതാന്തശീഘ്രപ്രാപ്യമഹാഫലോദയം. 152

പരം ധനുര്യ്യാഗഫലം ഭൃഗൂദ്വഹൻ
പറഞ്ഞപോലൊക്കെയുമൊത്തുകണ്ടതിൽ
ചിരം കൃതാർത്ഥൻ യദുവർഗ്ഗവർദ്ധനൻ
നിറഞ്ഞൊരുച്ചസ്ഥിതി പൂണ്ടിതാന്നൃപൻ. 153

കഴിഞ്ഞിതിമ്മാതിരിയാണ്ടു പന്തിര-
ണ്ടൊഴിഞ്ഞിതാസ്സൽഫലസിദ്ധിവിസ്തരം
വഴിഞ്ഞിടും വീര്യമെഴുന്ന കംസനു-
ള്ളഴിഞ്ഞിതോരോ സുഖവൃത്തിവൃദ്ധിയിൽ. 154

സ്വഭാര്യമാരൊത്തു സുഖിച്ചിരിപ്പൊരാ-
ശ്ശുഭാർത്ഥി കംസൻ വസുദേവസൌഹൃദം
സ്വഭാവരമ്യം ദൃഢമാക്കുവാൻ മഹാ-
പ്രഭാവനോർത്തു സഹജാസമർപ്പണം. 155

നവാനുരാഗം വസുദേവർ ദേവകീ-
വിവാഹവും ചെയ്തിതു; കംസനാണതിൽ
വിവേകി പണ്ടത്തെമുറയ്ക്കു പട്ടണ-
പ്രവേശഘോഷത്തിനു തേർതെളിക്കുവാൻ. 156

നിരക്കുമാറാർത്തുവിളിച്ചു കൂട്ടമാം-
ത്തിരക്കിൽവെച്ചാ വലിയോരു യാത്രയിൽ
ഉറക്കെയായ് കേട്ടിതുടൻ ചെവിക്കകം
തറയ്ക്കുമാറൊന്നശരീരിവാക്കവൻ. 157

"ഒരുങ്ങി നീതന്നെ തെളിച്ചു തേരിലാ-
ണ്ടിരുന്നിടുന്നീയൊരു പെങ്ങൾതാനിനി
പെറുന്നൊരെട്ടാം മകനാണു നിൻകഴു-
ത്തറുക്കുവാ,നെന്തറിയുന്നു ഹന്ത! നീ." 158

അഭാഗ്യസംസൂചനമീയൊരംബര-
പ്രഭാഷിതം കേട്ടു നടുങ്ങിയപ്പൊഴേ
പ്രഭാവവാൻ കംസനു ദിവ്യമാനുഷ-
സ്വഭാവമറേററിതു രൌദ്രമാസുരം. 159

ഭൃശോൽബ്ബണൻ വാളുമുലച്ചു സോദരീ-
കൃശോദരീനിഗ്രഹണത്തിനുന്നിനാൻ;
'അശോഭനം ചെയ്യരുതെ'ന്നു ശൌരിയാ-
സ്സശോകസാദ്ധ്വീനില കണ്ടു ചൊല്ലിനാൻ 160

അടങ്ങിയില്ലാ കടുബുദ്ധി; സാന്ത്വനം
തുടങ്ങി വീണ്ടും വസുദേവരിങ്ങിനെ
നടുങ്ങി വല്ലാത്തൊരു സങ്കടത്തിലായ്-
ക്കുടുങ്ങി മങ്ങും പ്രിയയിൽദ്ദയാകുലൻ. 161

"കിടാങ്ങളുണ്ടാവുകിലപ്പൊഴപ്പൊഴേ-
കിടാം സഖേ! സത്യമുരച്ചിടുന്നു ഞാൻ;
വിടായ്ക വീരവ്രതമങ്ങു, സാധുപെൺ-
കിടാവിനെക്കൊല്ലരുതേ ദയാനിധേ!" 162

ഇതങ്ങു കഷ്ടിച്ചൊരുമാതിരിക്കു സ-
മ്മതത്തിലായ്ക്കംസനൊഴിഞ്ഞു സാഹസാൽ;
ഹിതം നിനച്ചിട്ടിവരെ സ്വരക്ഷയിൽ,
സ്വതന്ത്രഭാവക്ഷയമോടിരുത്തിനാൻ. 163

മുറയ്ക്കു പാർക്കാം നിജരാജധാനിയിൽ,
പുറത്തു പോകാൻ വിടുകില്ല കേവലം
ഉറപ്പിലിമ്മട്ടിലിരുത്തി, സന്തതി-
പ്പിറപ്പിനെക്കാത്തിവരെദ്ദൃഢാശയൻ. 164

രസിച്ചു ഭർത്താവൊടുമൊത്തു സൌഖ്യമായ്
വസിച്ചിടും ദേവകി പെററൊരുണ്ണിയെ
പ്രസിദ്ധവീരൻ വസുദേവർ കംസനായ്
സ്വസിദ്ധസത്യപ്പടി ഹന്ത! നല്കിനാൻ. 165

അതിൽ പ്രസാദിച്ചു തിരിച്ചയച്ചു സ-
മ്മതിച്ചു കൊല്ലാതെ കൊടുത്തു ബാലനെ;
'മൃതിയ്ക്കിവൻ കാരണമാകയില്ലിനി'-
യ്ക്കിതി സ്മിതത്തോടു പറഞ്ഞു കംസനും. 166

ഒരിയ്ക്കലാവൈണികയോഗി കംസനൊ-
ത്തിരിയ്ക്കവേ സ്വർഗ്ഗവിശേഷവാർത്തയിൽ
തിരിച്ചുചൊല്ലീ സുരരാസുരാംശമായ്-
ത്തിരിഞ്ഞ മന്നോർവധമാർഗ്ഗമൊത്തതും. 167

സുരാംശരായും ചില മന്നോ,രന്യരാ-
സുരാംശരായും വിലസും തരുങ്ങളും
മുരാരി കൃഷ്ണൻ വസുദേവപുത്രനായ്
വരാനുറപ്പിച്ചൊരു തീർപ്പുമോതിനാൻ. 168

സ്വവാസനയ്ക്കൊത്തിഹ കാലനേമിയാം
ഭവാൻമുതല്ക്കുള്ള സുരാംശരൊക്കെയും.
ഭവാദവജ്ഞൻ ഹരി സംഹരിച്ചുകൊ-
ള്ളുവാനുറച്ചേററതുമോതി നാരദൻ. 169

വിപക്ഷവൃദ്ധിയ്ക്കിടയാക്കിടാതിനി
സ്വപക്ഷരക്ഷയ്ക്കു മുതിർന്നുകൊള്ളുവാൻ
സപക്ഷനാം കംസനുറച്ചു; നാരദൻ
ദ്യുപക്ഷയപ്പോർവഴി വെച്ചു പോയിനാൻ. 170

പ്രലംബമുഖ്യാസുരവീരപക്ഷമൊ-
ത്തലം വിചാരിച്ചഥ ഭോജനായകൻ
ബലം സുരാംശപ്പരിഷയ്ക്കിടിയ്ക്കുവാ-
നലംഘ്യവീര്യക്രമനേററിതക്രമം. 171

ഉടൻ പരം ദ്വാദശവത്സരക്രമാൽ
നടത്തിടേണ്ടുന്നാ ധനുർമ്മഖത്തെയും
മുടക്കി ഹവ്യാശനരിൽബ്ബലക്ഷയം
പെടട്ടെയെന്നോർത്തസുരാംശവർദ്ധനൻ. 172

വരുത്തിയൊന്നാം വസുദേവനന്ദന-
ക്കരുന്നിനെക്കല്ലിലടിച്ചു കൊന്നവൻ
കരുത്തിയന്നോൻ പല രൌദ്രകർമ്മവും
പൊരുന്നിലയ്ക്കങ്ങിനെ ചെയ്തു സാഹസി. 173

അടിച്ചു പായിച്ചതു ദേവപക്ഷമാം-
പടിക്കു തോന്നും പല പൂജ്യരെയുമേ;
പിടിച്ചു ചേർത്തു നിജപക്ഷരക്ഷയിൽ-
ച്ചൊടിച്ചു ചാട്ടും കുടരൗദ്രശീലരെ. 174

കുറഞ്ഞ കുററത്തിനുമർത്ഥദണ്ഡനം
പാപ്രമാണം നിയമിച്ചു നിർദ്ദയം
പരം ഞെരുക്കി യദുവൃഷ്ണിമുഖ്യരെ-
പ്പരസ്പരസ്പർദ്ധ പരക്കമാറവൻ. 175

പറഞ്ഞിടേണ്ടാ വസുദേവസൌഹൃദം
കുറഞ്ഞിടിഞ്ഞെന്നതു സിദ്ധമല്ലയോ?
അറിഞ്ഞിതാസ്സാധു പലേടമായ്ത്തരം
മറിഞ്ഞിരുത്തീ നിജപത്നിമാരെയും. 176

കുണക്കിലോരോവിധമക്രമങ്ങൾ നിർ-
ഘൃണൻ നടത്തുമ്പൊൾ മനംപെടാതെയും
തുണച്ചിതക്രൂരനിതേവഴിയ്ക്കു മുൻ-
കണക്കിലും സേവപിടിച്ചു കൂടിനാൻ. 177

നരേന്ദ്രനിൽ ദ്രോഹമുരച്ചു തെററിനാൽ
വരേണ്ട ശിക്ഷയ്ക്കിഹ സാത്യകാഖ്യനെ
ദുരുക്തിമാൻ നാടു കടത്തിവിട്ടുപോൽ;-
കുരുക്കളിൽക്കൂടി കുടുംബമൊത്തവൻ. 178

നഗർഭ്യനാം ക്രോഷ്ടുകമുഖ്യഭോജനെ
പ്രഗൽഭഭാവത്തിനു മത്സരിയ്ക്കയാൽ
വിഗർഹണം ചെയ്തു പുറത്തു തള്ളിനാൻ
സഗർവമൃക്ഷാദ്രിയിൽ വാണിതായവൻ. 179

സഖിത്വമേററീടിന സത്രജിത്തിനെ
പ്രഖിന്നമാത്തും ഗുണദോഷരാഷിതൻ
സുഖിച്ചിരിയ്ക്കാപ്പടിയാട്ടിവിട്ടിതാ-
മഖിപ്രിയൻ ചെന്നു ഭജിച്ചിതർക്കനെ. 180

അധർമ്മവൃത്തിയ്ക്കനുകൂലമാതിടും
സുധന്വഭോജൻ പടകൾക്കു നാഥനായ്
ബുധർക്കു വിദ്വേഷണമേറുമാറു ദുർ-
വിധങ്ങൾ ചെയ്‌വാനധികം തുനിഞ്ഞുപോൽ. 181

ഹിടിംബവക്രമ്മീരബകാദ്യരക്കരെ-
പ്പിടിച്ചു പാട്ടിൽക്കൂടിവെച്ചവർക്കവൻ
ചൊടിച്ചനേകം നരഹിംസ ചെയ്കതിൽ-
പ്പൊടിച്ചുവാരിപ്പല സദ്യ നൽകിനാൻ. 182

കിണച്ചിലാക്കി പ്രജകൾക്കു കേവലം
പിണിച്ചിരിക്കപ്പൊറുതിക്കു ദുർഘടം;
ഗുണജ്ഞരോരോ മറുനാട്ടിൽ വാഴുവാ-
നണഞ്ഞലഞ്ഞു പല ഭോജവൃഷ്ണികൾ 183

ഇതീവിധം ഭൂപതി വേട്ട മാഗധ-
ക്ഷിതീന്ദ്രകന്യാജനദൃഷ്ടജാതകം
അതീവ തൻവംശവിരോധകാരിതാ-
പ്രതീതി സിദ്ധിച്ചു ഫലിച്ചു കേവലം. 184

യഥാക്രമം ദേവകി പെററ മക്കളെ-
ക്കഥാവശേഷസ്ഥിതിയാക്കി യാറിനെ;
യഥാർത്ഥമിച്ചത്തവരാസുരാംശരാ-
മ്മഥാപി കൊന്നു ഹരിപക്ഷശങ്കയാൽ. 185

വയററിലേഴാം മകനേറി രോഹണീ-
വയററിലേയ്ക്കങ്ങു പകന്നു മായയാൽ;
സ്വപ്രയത്നസങ്കർഷണശക്തി കാട്ടിയീ-
നയത്തിൽ നന്ദൻെറ ഗൃഹത്തിലെത്തിനാൻ. 186

അനന്തജന്മത്തിനു ശേഷമേവനും
മനന്തെളിഞ്ഞങ്ങിനെയുള്ള കാലമേ
ജനങ്ങളെ ക്കാത്തരുളുന്ന വിഷ്ണു ദുർ-
ജ്ജനങ്ങൾ കാണാതെ പിറന്ന രാത്രിയിൽ, 187

അടച്ചു പൂട്ടിത്തടവിൽക്കിടന്നിട്ട-
ന്നിടയ്ക്കുതാൻ ദേവകി പെററ ബാലകൻ
കടന്നു നന്ദൻെറ ഗൃഹത്തിലേയ്ക്കു,തിൽ-
ക്കിടപ്പതോ പെൺമകൾ വിഷ്ണുമായയാം. 188

ക്ഷണത്തിലാദ്ദേവകി പെററിതെന്നു കേ-
ട്ടണഞ്ഞു കംസൻ, ചെറുപെൺകിടാവിനെ
ഗ്ഗുണം നിനയ്ക്കാതെ വലിച്ചെടുത്തു കാ-
ലിണപ്പിടിത്തത്തൊടലക്കി പാറയിൽ. 189

കടഞ്ഞു കാല്പുരി നഭസ്ഥലത്തിൽ നി-
ന്നുടൻ ജ്വലിയ്ക്കും രുചി പൂണ്ടു വാച്ചവൾ
പിടഞ്ഞു മേല്പോട്ടു മിഴിച്ച കംസനോ-
ടിടഞ്ഞു ചൊന്നാളിതു നന്ദനന്ദിനി:- 190

"കിടന്നുറങ്ങും ശിശുവാകുമെന്നെ നീ
കടന്നു കൊല്ലുന്നതിനുന്നിയില്ലയോ?
ഇടഞ്ഞുമെൻ കാലു പിടിച്ചുപോകയാൽ-
ത്തടഞ്ഞു നിന്നെക്കൊലചെയ്‌വതില്ല ഞാൻ. 191

പരം നിനക്കന്തകനായിടുന്നൊരാൾ
പിറന്നൊരേടം വളരുന്നതുണ്ടെടോ;
തരം വരുമ്പോൾക്കൊല ചെയ്യുമെന്നതാ-
നുറച്ചു സൂക്ഷിച്ചു നടന്നു കൊൾക നീ. 192

നിനക്കിനിജ്ജീവിതമുക്തിയാമ്പോൾ നിൻ-
കനത്ത കണ്ഠത്തിൽ നഖം തറച്ചു ഞാൻ
നിനച്ചകാര്യം നിറവേററിവെക്കുവേൻ,
മനസ്സുവെച്ചോർത്തിടുകന്നു കണ്ടിടാം.’’ 193

ഭവാനി മൂന്നാം വരമായുരച്ചൊരാ-
നവാക്ഷരങ്ങൾക്കു വിരുദ്ധമാംവിധം
ദിവാകരാഭോൽബ്ബണയായ് പറഞ്ഞു താൻ
ജവാൽ മറഞ്ഞാളവളംബരത്തിലേ. 194

മഹാത്ഭുതം കണ്ടിതു കേട്ടപാടിലാ-
മഹാബലൻ ഹന്ത! പകച്ചുനിന്നുപോയ്;
ഇഹാത്തമൌഢ്യം നിരുപിച്ചു ലജ്ജയാൽ
സ്വഹാസ്യവും പൂണ്ടു മടങ്ങിനാനവൻ. 195

“അസത്യമാമംബരവാക്കിനെ ഭ്രമി-
ച്ചസത്തമക്കൈകൾ തുടർന്ന തെററിനെ
രസക്ഷയം വിട്ടു പൊറുക്കുകെ’’ന്നു ചെ-
ന്നസക്തമാദ്ഭൂപതിമാരൊടോതിനാൻ. 196

ഉടൻ പ്രലംബാദികളൊത്തു മന്ത്രിതം
നടന്നതിൽ ക്രൂരത കൂടിയേററവും;
കിടച്ച പൈതങ്ങളെ നിഗ്രഹിക്കുവാൻ
പിടച്ചിലായ് വിഷ്ണുവിലുള്ള ശങ്കയാൽ. 197

കിടാങ്ങളെങ്ങെന്നു തിരഞ്ഞുതാതിടം
നടാനടെപ്പാഞ്ഞിതു പൂതനാദികൾ.
വിടാതെ കംസാജ്ഞ പിടിച്ചു കൊന്നതി-
ന്നിടാൻ മുതിർന്നാർത്ഥി പിടിച്ചപോലവേ. 198

ഇതിന്നിടയ്ക്കുത്തമനന്ദഗോപനു-
ള്ളതിപ്രശാന്താമലഗോകുലത്തിലേ
മുതിർന്നുവന്നു വസുദേവനുള്ള സം-
തതിപ്പിറപ്പാകിന രണ്ടു കുട്ടികൾ. 199

വിശോധിതം ദേവകിയല്ല രോഹിണീ-
കൃശോദരിപ്പെണ്മണി പെററൊരുണ്ണിയും
യശോധനൻ നന്ദനു പത്നിയായിട്ടും
യശോദ പോററുന്നൊരു മററൊരുണ്ണിയും, 200

ഒരാൾക്കു നാമം ബലഭദ്രവൈശ്യനു-
ള്ളൊരാഖ്യ, പക്ഷേ ബലരാമനെന്നുമാം;
വരാകൃതിച്ഛായവഴിക്കു കൃഷ്ണനെ-
ന്നൊരാൾക്കു പേർ, പിന്നെ മുകുന്ദനെന്നുമാം. 201

ഒരിയ്ക്കലെങ്ങും ശിശുഹിംസ ചെയ്തു സ-
ഞ്ചരിയ്ക്കുമാപ്പൂതന ചെന്നു കൃഷ്ണനേ
തിരിഞ്ഞു കൊല്ലാൻ മുല നൽകിയൾളതം
മരിച്ചു മോക്ഷത്തെയടഞ്ഞുപോലവൾ 202

പെരും മരംപോലുമുലച്ചു വാതമായ്-
വരും തൃണാവർത്തനു മീക്കിടാവിനെ
കരുത്തിൽ മേല്പോട്ടു ഹരിച്ചു മൃത്യുവിൻ
വരുത്തമേററങ്ങിനെ സിദ്ധികൂടിപോൽ 203

ഏകന്ന ചാടിൻ വടിവാണ്ടിവൻെറമേൽ
പകന്നു ചാട്ടം ശകടാസുരേന്ദ്രനും
തകന്നു ചത്തു ശിശുവിൻകുരുന്നു കാൽ
മുകന്നപാടേ പൊടിധൂളിയാം വിധം. 204

കിടാങ്ങളാമിച്ചിവർ വാച്ചു വന്ന പൈ-
ക്കിടാങ്ങളെ മേച്ചു വനാന്ത ഭൂമിയിൽ
വിടാതെ ചുററുമ്പൊഴുതേററുടൻ ജയം
തൊടാതെ ചത്തു പശുപാലദൈത്യനും 205

സ്വകാര്യമായ്ത്തന്നെ വിഴുങ്ങിനിന്നൊരാ
ബ്ബകാസുരക്കൊററിയെയുള്ളിൽ നിന്നവൻ
വികാരമാം മൂട്ട പെട്ടുത്തു ചാടിയു-
ത്സുകാക്ഷനായ്ക്കൊക്ക പിളന്നു കൊന്നുതേ. 206

ശിശുത്വവും വിട്ടു വളന്നു പിന്നെ വൻ-
പശുക്കളെപ്പോററി നടന്നുകൊണ്ടവൻ
വിശുദ്ധനാമണ്ണനൊടൊത്തു കണ്ണന-
ങ്ങശുദ്ധമൊക്കെക്കളയേക്കളിച്ചുപോൽ. 207

ഗുഹാഭമാം വായൊടഘാഖ്യദൈത്യനാം
മഹാപെരുമ്പാമ്പു വിഴുങ്ങിയപ്പൊഴും
സഹാസനായ് നിന്ന വയററിൽ വാച്ചവൻ
മഹാഘമോക്ഷക്രിയ ചെയ്തു മാധവൻ. 208

അനേകമട്ടിൽ പ്രിയമാന്ന ഗോപികാ-
ജനേഷ്ടനായ്ക്കൂടി രമിച്ചിരുന്നവൻ
വനേചരൻ വാസവഗവ്വടക്കി, ദുർ-
ദ്ദിനേഥ ഗോവർദ്ധനമുദ്ധരിച്ചുപോൽ. 209

സ്വയം മറഞ്ഞാംഗനമാരെ മായയാൽ
മയക്കി മാററും മയപുത്രദൈത്യനെ
അയത്നമായ്ക്കണ്ടുപിടിച്ചു കശ്മല-
ക്രിയയ്ക്കു ശിക്ഷിച്ചു വധിച്ചു മാധവൻ. 210

പ്രലംബബാഹുദ്വയനാകുമഗ്രജൻ
ബലൻ പരം തന്നെയെടുത്തു പാഞ്ഞനാൾ
പ്രലംബനാം ഗോപതപൂണ്ട ദൈത്യനെ-
ബ്ബലം പരീക്ഷിച്ചൊരിടിക്കു കൊന്നുപോൽ. 211

കൊതിച്ചു കൂട്ടൊത്തു പനങ്കുലപ്പഴം
പൊതിച്ചുതിന്നോൻ കഴുതപ്രമാണിയേ
കുതിച്ചു പിൻകാലെറിയപ്പിടിച്ചടി-
ച്ചുതിങ്കലാദ്ധേനുകനെപ്പൊളുക്കിനാൻ. 212

പെരുംമദാൽ മുക്രയുമിട്ടു ക്രൂരനായ്-
വരും മഹാഘോരവൃഷാസുരേന്ദ്രനെ
പൊരുന്നപോരിൽപ്പിടികൂടിയന്തകൻ
വരും വഴിയ്ക്കാട്ടിയയച്ചു കണ്ണനും. 213

സ്വതേജസാ ദുസ്സഹനായ ദൈത്യനേ
സ്വതേ ഹയാകാരമിയന്ന കേശിയേ
അതേവിധം വായിൽ വലത്തുകൈ കൊട്ടു-
ത്തതേ വളർത്തങ്ങിനെകൊന്നു കേശവൻ. 214

ഇവണ്ണമോരോ കുറി കംസനിങ്ങയ-
ച്ചവററിനേക്കൊന്നു കടുത്ത ക്രൂരരെ
നവം നവം കേട്ടവിടെബ്ഭയപ്പെട്ടു-
ന്നവസ്ഥകാട്ടീ വസുദേവനന്ദനൻ. 215

‘പരാന്തകർമ്മപ്പണി പാറിടായ്കിലും
വരാതിരുന്നീടണമിങ്ങു മാരണം’
തരാതരം കണ്ടിതി കംസനങ്ങു ന-
ല്ലൊരാധനത്യാഗമുറച്ചു പിന്നെയും. 216

മനസ്സിലെല്ലായ്പ്പൊഴുമിങ്ങു വിഷ്ണു വ-
ന്നനർത്ഥമേല്പിപ്പൊരു ശങ്കയാകയാൽ
കനത്ത വിഷ്ണുസ്മൃതി, മറെറാരെണ്ണവും
നിനച്ചിടാതുന്നിയുറച്ചു കംസനിൽ. 217

അതാതു കാര്യങ്ങൾ വിചിന്തചെയ്കിലും
നിതാന്തമുണ്ടാമതിലൊക്കെയെപ്പൊഴും
കൃതാന്തവൈരം സ്ഫുടമേലൊരദൃഷ്ടിയായ്
ഹതാരിയാകും ഹരി മുന്നിലെപ്പൊഴും. 218

നടന്നിടുമ്പോളഥ നിന്നിടുമ്പൊഴും
കിടന്നിടുമ്പോഴുമിരുന്നിടുമ്പൊഴും
സ്ഫുടം കിനാവിങ്കലുണർച്ചയെങ്കിലും
കടന്നു കാണായ്ക്രൂരൻ കൊണ്ടുകണ്ണനേ. 219

പറഞ്ഞുകേട്ടോരുവിധം പൊടിത്തുടി-
ച്ചുറഞ്ഞുയിർക്കൊണ്ടൊരു കൊണ്ടൽ വർണ്ണനെ
കുറഞ്ഞുപോകാതെ മനസ്സിലെപ്പൊഴും
നിറഞ്ഞു കാണായിതു കംസനൽഭുതം. 220

അടുത്തു നേരിട്ടു വരുന്ന മട്ടിലും,
കടുത്തു കൈകേറി മുതിർന്ന മട്ടിലും,
എടുത്തുടൻ തന്നെ മറിച്ച മട്ടിലും,
മടുത്തുകൊണ്ടങ്ങിനെ കണ്ടു കണ്ണനെ. 221

അരാതിവർഗ്ഗത്തെയടച്ചമർത്തിടും
പരാക്രമം കാട്ടിയ കുട്ടിവീരനെ
വരാശരാം യോഗിവരർക്കുപോലുമേ
ദുരാപനെക്കണ്ടിതു കംസനെപ്പൊഴും. 222

സ്വയം ബലം കൊണ്ടു ധരിത്രി മുഴുവേ
ജയം നടത്തീടിന കംസവീരനും
നിയന്ത്രണം ചെയ്യലമോർമ്മനിർത്തിടും
ഭയം വളർത്തീ വസുദേവ നന്ദനൻ. 223

ഭയം, മഹാവൈരിനിലയ്ക്കു കൃഷ്ണനെ
സ്വസം മനസ്സിൽക്കുടിവെയ്ക്കുകാരണം
പ്രയത്നസാദ്ധ്യം മുനികൾക്കു യോഗമി-
ങ്ങയത്നമാക്കംസനു സിദ്ധമായിതേ. 224

മഹാൻ മഹാവിഷ്ണുവെതിർത്തു ചെന്നൊരാ-
മഹാരണത്തിന്നു കൊതിച്ചു നിന്നവൻ
മഹാരഥൻ കണ്ണനെയോർത്തു കേവലം
മഹാഭയം പൂണ്ടതു യോഗമൽഭുതം. 225

സദാപ്പൊഴും കൃഷ്ണമയം ജഗത്ത്രയം
ഹൃദാ നിരീക്ഷിപ്പൊരു ഭോജനായകൻ
തദാ ധനുര്യാഗമുടൻ നടത്തുവാ-
നുദാരഭാവത്തൊടുമാജ്ഞ നൽകിനാൻ. 226

ഉടൻ ധനുര്യാഗമുദാരമട്ടിലായ്
നടത്തണം, വേണ്ടതൊരുക്കണം ക്ഷണം,
എടപ്രഭുക്കൾക്കുമെഴുത്തയയ്ക്കണം,
ചടങ്ങെഴും ബ്രാഹ്മണരെ ക്ഷണിക്കണം; 227

നരേന്ദ്രരെൻകീഴെഴുവോർകളെവരും
വരേണ്ടതാണാവതുമൊത്തു കൂടണം
ഒരേനിലയ്ക്കാണിഹ ശത്രുമിത്രവും
പരേഷ്ടഭേദസ്ഥിതിയേതുമില്ലിതിൽ. 228

പരസ്യമീയാജ്ഞ കൊടുത്തു സൌഹൃദ-
സ്വരത്തിലക്രൂരനെയും വിളിച്ചവൻ
കരം പിടിച്ചങ്ങിനെ മന്ത്രശാല പു-
ക്കരം സ്വകാര്യത്തിലുരച്ചതിങ്ങിനെ:- 229

"സഖേ! ഭവാൻ നന്ദനികേതനം വരെ-
സ്സുഖേനപോയ് വന്നിടുകെൻെറ തേരുമായ്;
അഖേദമാ നന്ദകുമാരരെങ്ങാനു-
മ്മഖേ വരുത്തേണ; മതല്ലയോ ഗുണം? 230

ഗുണക്രമം കൊണ്ടറിയാം കിടാങ്ങളീ-
യിണപ്പെട്ടും വീരരനന്തമാധവർ;
പിണക്കമെന്തിന്നു നമുക്കു നന്ദിയോ-
ടിണക്കമായ് കൂട്ടുകിലുണ്ടു കൌശലം. 231

കടക്കവേ നമ്മുടെ കൊമ്പനാനയേ-
ററടക്കണം, കൊല്ലുകിലായി കണ്ണനെ;
ഇടയ്ക്കു ചാണൂരകമുഷ്ടികാദ്യർ മ-
ല്ലിടക്കഴിഞ്ഞാൽ സുഖമായി കേവലം. 232

ഇവർക്കമാകാതെ ജയിച്ചുകേറിയാ-
ലവശ്യമെന്നോടലചെയ്യുമായവൻ;
അവസ്ഥയത്രയ്ക്കു മികച്ചു കാണമെത്തു-
ണ്ടവന്ന; തിന്നും വഴി വേറെയുണ്ടെടോ. 233

ധനുർമ്മഖം ചെയ്തു തുടങ്ങുകെങ്കിലോ
മനുഷ്യർ ചാകാ പുനരാരുമേ ദൃഢം;
നനു സ്വയം ദൃഷ്ടഫലം മഹാമഖം
ജനസ്സിതീരാറിടയാണ്ടു നിർഭയം" 234

ഉറച്ച നീതിക്കണിവെച്ചു വൻഭയം
മറച്ചു കംസൻെറ വചസ്സു കേട്ടവൻ
നിറഞ്ഞിടും ഭക്തി വഴിഞ്ഞൊരുള്ളമായ്
പറഞ്ഞിതക്രൂരനടുത്തു സസ്മിതം:- 235

"പരാക്രമാംബുധേ! പടുനീതിമാർഗ്ഗമീ-
പ്പുരാഗമം ശങ്കതൊട്ടക്കമെങ്കിലും
വരാസ്ഥയാൽപ്പോയ,വരോടുകൂടി ഞാൻ
വരാം; വരട്ടേ വലിയോരു മംഗളം". 236

ഇതിത്രമാത്രം നരനാഥനോടുര-
ച്ചതിപ്രിയം പൂണ്ടു ഗമിച്ചു യാദവൻ,
മതിപ്രസാദത്തൊടു നന്ദസൂനുതൻ-
മതിപ്രസന്നാനനദർശനോത്സുകൻ. 237

കിണഞ്ഞു കംസൻെറ രഥം, മനോരഥം-
കണക്കിലക്രൂരർ നടത്തിയന്തിയിൽ
അണഞ്ഞു നന്ദൻെറ ഗൃഹത്തിലാശു കൈ-
വണങ്ങി കണ്ടെത്തിയ രാമകൃഷ്ണരെ. 238

മഹാദരത്തോടവർ സൽക്കരിച്ചൊരാ-
മഹാൻ പറഞ്ഞും പലപാടു സങ്കടം
മഹാത്മസാന്നിദ്ധ്യമിയന്ന രാത്രിയാ-
മഹാശയക്കും ശിവരാത്രിയാക്കിപോൽ! 239

കനിഞ്ഞു കണ്ണൻ കരംകെട്ട കംസനാൽ-
ജ്ജനിയ്ക്കുമാപത്തു ജഗത്തിലാകമേ
ഇനിക്കുറച്ചും പിണയാതെയാകുവാൻ
തനിച്ചുറച്ചു ഗമനം പുലർച്ചയിൽ. 240

അതിപ്രിയം കൂടിന ഗോപിമാരൊടാ-
ച്ചതികടെക്കൺവഴി യാത്ര ചൊല്ലിയും
മുതിർന്ന തൻകൂട്ടരൊടണ്ണനൊത്തുതാൻ
മുതിർന്നു കണ്ണൻ മധുരയ്ക്കു പോകുവാൻ. 241

മുറയ്ക്കു കാഴ്ചയ്ക്കിഹ ഗോരസക്കുടം
നിറച്ചു നന്ദാദികൾ വണ്ടികേറവേ
പറഞ്ഞിതക്രൂരർ 'നമുക്കു തേരിൽ മു-
മ്പിറങ്ങിടാ'മെന്നവരോടു സാദരം. 242

മിഴിയ്ക്കു ദിവ്യാത്ഭുതമാത്മവിദ്യയാൽ
വഴിയ്ക്കു താൻ ദാനപതിക്കു കാട്ടിയും
അഴിഞ്ഞതണഞ്ഞാപ്പുരഗോപുരത്തിൽവെ-
ച്ചൊഴിച്ചുയച്ചു ഹരി കംസദൂതനെ. 243

പുരിയ്ക്കകത്തത്ഭുത മട്ടു കണ്ടു സ-
ഞ്ചരിയ്ക്കവേ കംസനടുപ്പലക്കുവോൻ
മരിയ്ക്കുവാനുള്ളിടയാ,യിടഞ്ഞു കൈ-
തരിച്ച കണ്ണൻ ചെകിടത്തടിക്കയാൽ. 244

അടുത്തു കണ്ടെത്തി നൃപാംഗലേപനം
കൊടുത്ത സൈരന്ധ്രികയായ കുബ്ജയെ
മിടുക്കനൊത്താടി പിടിച്ചുയർത്തി ന-
ല്ലുടക്കെഴും സുന്ദരിയാക്കി മാധവൻ. 245

ഉടുത്തു രാജോചിതവസ്ത്ര,മാമണം-
പെടും കുറിക്കൂട്ടു ധരിച്ചു, പുഷ്പകൻ
കൊടുത്ത പൂമാലയണിഞ്ഞുമണ്ണനൊ-
ത്തടുത്ത സാരൂപ്യമവന്നുമേകിനാൻ. 246

ഉടുപ്പുതുന്നിസ്സരസം കൊടുത്ത ന-
ല്ലുടുപ്പുതുന്നാരനു മോക്ഷലക്ഷ്മിയും
കൊടുത്തു ചുററീ, ബലഭദ്രനോടുമൊ-
ത്തെരുത്തെഴും നാഗരികാഢ്യമോടിയിൽ. 247

നടന്നുകണ്ടാ നഗരം വലത്തുവെ-
ച്ചുടൻ ധനുര്യാഗവിധാനശാലയിൽ
കടന്നു കണ്ണൻ തുണയണ്ണനുള്ളവൻ
തടഞ്ഞതില്ലാരുമടുത്ത കാവലിൽ. 248

മനുഷ്യർ കണ്ടാൽത്തൊഴുമാറു വൈഷ്ണവം
ധനുസ്സു കണ്ടപ്പൊഴടുത്തു മാധവൻ
അനുജ്ഞനോക്കാതെയുടൻ കടന്നൊട-
ത്തനുദ്ധതം പൂട്ടി വലിച്ചു സസ്മിതം. 249

വലിച്ചപാടാക്കലവില്ലു ഘോരമു-
ച്ചലിച്ച ഘോഷത്തൊടൊടിഞ്ഞിതത്ഭുതം;
ചലിച്ചുപോയ്ക്കണ്ടവർ, കേട്ടപാടു വി-
ല്ലൊലിച്ചുഴിപ്പിൽ ധൃതികെട്ടു കംസനും. 250

ചൊടിച്ചു പാഞ്ഞെത്തിന കാവലാളെയ-
ങ്ങൊടിച്ച വിൽക്കണ്ഡമെടുത്തടുത്തുടൻ
അടിച്ചുകൊന്നൂ ബലഭദ്രനും, തരം
പിടിച്ചു കൈവെച്ചൊരു വാസുദേവനും. 251

3469

കഴിച്ചുവെച്ചീക്രിയ, ഗോപബാലരൊ-
ത്തൊഴിച്ചുപോന്നിട്ടിരുപേരുമൊപ്പമേ
പൊഴിച്ചു ഹാസം; പുരപുഷ്പവാടിയിൽ-
ക്കഴിച്ചുകൂട്ടീ കുളിർകൊണ്ട രാത്രിയും. 252

നടുങ്ങി കംസൻ നിർജ്ജീവമാർഗ്ഗണം
തൊടുത്തൊരാ യജ്ഞധനുസ്സൊടിച്ചതിൽ
കടുങ്ങി വല്ലാതെ വളർന്ന പേടിയാ-
ലൊടുങ്ങിടാക്രൂരിരുൾപെട്ട രാത്രിയിൽ. 253

ഉറക്കെയോർത്തുഗ്രമുരച്ചിതാ "രെടാ,
പറക്കെടാ, ഗോപകരേപ്പിടിക്കെടാ,
അറക്കെടാ", യെന്നു കലമ്പൽകൂട്ടിനാ;-
നുറക്കമൊക്കുണ്ടിഹ കാളരാത്രിയിൽ ? 254

"വരട്ടെ, നാളെപ്പുലരട്ടെ, യാനയ-
ങ്ങരങ്ങവാതിൽക്കലെടഞ്ഞു നിൽക്കണം,
വരുമ്പൊഴേ കുത്തണ, മായതിൽജ്ജയം
തുരുമ്പിയാൽ മല്ലരടിച്ചുകൊല്ലണം. 255

കുഴക്കിലും തീർന്നിടയക്കിടാങ്ങൾതാൻ
പിഴയ്ക്കിലും ദുർഘടമില്ല ലേശവും;
പഴക്കമേറിപ്പലശസ്ത്രവിദ്യയിൽ-
ത്തഴക്കമുള്ളെന്നുടെ കൈ മയക്കുവൻ". 256

വിരുദ്ധമീവണ്ണമുരയ്ക്കും, മൂഢതൻ
ദുരാധരോഗ്രാശയമേറു നിന്നിടും,
ഇരുന്നിടും, ചെറ്റെഴുന്നേറ്റു ലാത്തിടും.
വരുന്നതോർത്തോർത്തു വിയർത്തു വീർപ്പിടും. 257

കിടന്നുറങ്ങീടുവനെന്നു ചാഞ്ഞിട്ടും,
തുടർന്നു വീണ്ടും നയനങ്ങൾ തുറന്നുടൻ
കടന്നു കാണും മൃതിസൂചകങ്ങളായ്-
പ്പടർന്നുനില്ക്കും പല പൊന്മരങ്ങളെ 258

ഇവണ്ണമാരാത്രി കഴിച്ചുകൂട്ടിയ-
ങ്ങവൻ നവാർക്കോദയമായിടുമ്പൊഴേ
അവശ്യമേൽപ്പാടുകൾ ചെയ്തൊരുങ്ങിനാ-
നവസ്ഥകാട്ടി പ്രഭമഞ്ചമേറുവാൻ. 259

പൊരുത്തമാം കൂടിട്ടമാറു മല്ലരോ
പെരുമ്പറക്കൊട്ടുമുഴക്കിയുദ്ധതം;
തെരുക്കനെത്തിങ്ങിനിറഞ്ഞു കാണ്മവാ-
നൊരുക്കമായാളുകളും നിരന്നുതേ. 260

കുളിച്ചുടൻ പ്രാതൽ കഴിച്ചു സൌരഭ-
ക്കളിക്കുറിക്കൂട്ടുമണിഞ്ഞു മോടിയിൽ
വെളിച്ചമാമ്പോൾ വസുദേവപുത്രരും
കളിയ്ക്കു കാഴ്ചയ്ക്കണവാനൊരുങ്ങിനാർ. 261

അരങ്ങുവാതിൽക്കലണഞ്ഞനേരമേ
പരം ഗഭീരോത്തമകുംഭിരാജനെ
തരംകെടുമ്മാറു തടഞ്ഞടഞ്ഞു ക-
ണ്ടരം കടുത്തേററതിരിട്ടു മാധവൻ. 262

പഴിച്ചു പാപ്പാൻ ചകകൂട്ടി നേർക്കു വി-
ട്ടൊഴിച്ചുമാറ്റൊത്തൊരു കൊമ്പനാനയെ
മിഴിച്ചുകണ്ടൊന്നു കുതിച്ചു മസ്തക-
ക്കുഴിച്ചുഴിക്കുന്നിയടിച്ചു നിർത്തിനാൻ. 263

കുടഞ്ഞു ക്രൂററൻ തലയെന്നു പിൻവലി-
ഞ്ഞിടഞ്ഞു വീണ്ടും കരി പാഞ്ഞണഞ്ഞതിൽ,
തടഞ്ഞുവീണാ,ഞ്ഞൊരു കുത്തു പാഴ്പെടാൻ
പിടഞ്ഞുരുണ്ടൊന്നു കളിച്ചു മാധവൻ. 264

പിടച്ചെഴുന്നേററു മുഖത്തു കയ്യല-
ച്ചടച്ചടിച്ചാർത്തി വളർത്തിയാർത്തവൻ
നടച്ചുവട്ടിൽക്കരി കണ്ടിടാത്തിട-
ത്തിടച്ചുകൂടാതെ കനിഞ്ഞുകൂടിനാൻ. 265

മണത്തറിഞ്ഞീടിന തുമ്പി കാല്ക്കിട-
യ്ക്കുണച്ചു തപ്പിപ്പിടികൂടിയാനയും
ക്ഷണത്തിൽ മുമ്പോട്ടു വലിച്ചി,തുന്ടൻ
കണക്കിലൊന്നാഞ്ഞുകൊടുത്തുകണ്ണനും. 266

അടിച്ചു കുംഭത്തിലിടയ്ക്കു ലാക്കുവെ-
ച്ചിടിച്ചു മർമ്മങ്ങളിൽ മത്തഹസ്തിയെ
പിടിച്ചു വാലിൽപ്പലപാടിടം വലം
പിടിച്ചു ചുററിച്ചു നടുക്കു നിന്നാവൻ. 267

ഇതിന്നുമുമ്പീക്കരിയോടു കംസനേ-
റെറതിർത്ത പോർപോലിതു പോയതില്ലപോൽ;
അതിസ്ഫുടം കണ്ടവർകൾക്കു കൌതുക-
പ്രതിഷ്ഠ കണ്ണൻെറ കളിയ്ക്കു കൂട്ടമേ. 268

ചൊടിച്ചു മുമ്പോട്ടു കുതിയ്ക്കുമാന,യാ-
ഞ്ഞടിച്ചു പിന്നോട്ടു തിരിയ്ക്കുമച്യുതൻ,
പിടിച്ചു കുത്താൻ കരി നോക്കു മൂക്കെട്ട-
ത്തിടിച്ചു ചാട്ടും ഹരി സിംഹവിക്രമൻ. 269

ഒളിച്ചുനിന്നും ചിലരേപൊത്തു, നേക്കടൻ
കളിച്ചുചെന്നും ചിലരേപാത്തു മാധവൻ
ചെളിപ്പൊട്ടും കുംഭി കുഴങ്ങുമാറു താൻ
വെളിപ്പെടുത്തീ പല യുദ്ധകൌശലം. 270

ചൊടിച്ചൊട്ടുക്കം ഹരി രണ്ടു കൊമ്പിലും
പിടിച്ചുലച്ചാക്കൊലകൊമ്പനാനയെ
പടിഞ്ഞു മേലാമെഴുന്നേററു നിന്നിടാ-
പ്പടിയ്ക്കു വീഴിച്ചു മറിച്ചുവിട്ടതേ. 271

പറിച്ചെടുത്തീടിന കൊമ്പുകൊണ്ടു കൈ-
മറിച്ചു തച്ചാഗ്ഗജപാലരേയുമേ
ചിരിച്ചു ചാടും ബലനൊത്തു ജീവിതം
മുറിച്ചു വിട്ടൊപ്പമരങ്ങു കേറിനാൻ. 272

"മല്ലന്മാർക്കിടിവാൾ, ജനത്തിനരചൻ,
മീനാങ്കനേണാക്ഷിമാ,-
ക്കില്ലത്തിൽ സഖി വല്ലവക്ക്,രി ഖലർ,-
ക്കാനന്ദനോ നന്ദനൻ,
കാലൻ കംസനു, ദേഹികൾക്കിഹ വിരാൾ,
ജ്ഞാനിയ്ക്കു തത്വം പരം,
മൂലം വൃഷ്ണികുലത്തിനെന്നു കരുതീ
മാലോകരാക്കണ്ണനേ". 273

കടന്നു ചെന്നോരിവരോടു ലൌകികം
തുടന്നു ചാണൂരനുദാരവാക്കിനാൽ
ഇടഞ്ഞു തെല്ലൊന്നിഹ മല്ലടിയ്ക്കുവാൻ
തടഞ്ഞു വെയ്ക്കുന്നവിധം ക്ഷണിച്ചതേ. 274

തടസ്ഥമാദ്യം ചിലതോതിയെങ്കിലും
തടത്തരം കണ്ടവർ കണ്ണനന്നനും
കടന്നു ചാണൂരകമുഷ്ടികാഖ്യരായ്-
ത്തുടങ്ങിനാർ മല്ലടി നല്ല ഭംഗിയിൽ. 265

ജനങ്ങൾ കണ്ടാൽക്കിടതോന്നിടാത്തൊരീ-
ജ്ജനങ്ങൾതൻ മല്ലടി മൂത്തു മേൽക്കുമേൽ
മനസ്സിളക്കി പല കാണികൾക്കുമാ-
മനസപ്രിയാം കംസനു മേററു സംശയം. 276

നടക്കയും ഭൂമി കലുക്കി, മുൻവശം
കടക്കയും, കാല്ക്കിടെ മെയ്യ്ടക്കയും,
ഇടയ്ക്കു മെല്ലെത്തല പൊക്കി വൈരിയെ-
പ്പുടക്കളിപ്പ്രൌഢിയിലാദരിക്കയും, 277

അടിക്കയും, പാഞ്ഞിലിടിക്കയും, ബലം-
പിടിക്കയും, താങ്ങലിലെല്ലൊടിക്കയും,
ചൊടിക്കയും, പല്ലു കടിക്കയും, മദം-
നടിക്കയും, തമ്മിലുരച്ചിടിക്കയും, 278

കടുക്കയും, കണ്ണുതുടുക്കയും, കട-
ന്നാടുക്കയും, കയ്ക്കുടന്തുകെട്ടുക്കയും,
കൊടുക്കയും, തല്ലു തടുക്കയും, പരം
മടുക്കയും, വാശിപിടിച്ചുടുക്കയും. 278

പരസ്പരം തുല്യനിലയ്ക്കിതേവിധം
പരക്കെയാൾ തിങ്ങിന രംഗഭൂമിയിൽ
പരസ്യമാക്കിപ്പടുമല്ലടിക്രമം
പരം കളിച്ചാരവർ നാലുപേരുമേ. 280

ജയിപ്പതാരാണിതിലെന്ന സംശയം
ജനിക്കുമാററാളുകൾ നോക്കിനില്ക്കവേ
ജഗത്രയീമായമറിഞ്ഞ മാധവൻ
ജവത്തിലൊന്നാക്കളിമട്ടു മാററിനാൻ. 281

പടുത്വമോടും പടതല്ലിനുള്ളിൽ മെയ്-
പിടുത്തവും മല്ലനെടുത്തെതിർക്കവേ
അടുത്തു കാൽവാരിയെടുത്തു മൗലിമേൽ-
ത്തൊടുത്തു ചാണൂരനെയാശു വീശിനാൻ. 282

അഴിഞ്ഞു ചിന്നും മുടിയും ഭുജങ്ങളും
കിഴിഞ്ഞു തൂങ്ങും പടവും പറക്കവേ
ഉഴിഞ്ഞു ചുററിപ്പൊരു മല്ലമൂർത്തിമേ-
ലൊഴിഞ്ഞു ചുററീ ത്രിഗുണപ്രകാശവും. 283

ലഭിച്ചു ചാണൂരനു ജീവമോക്ഷമി-
ങ്ങഭിന്നമാം വിഷ്ണുപദം പെടുമ്പൊഴേ
പ്രഭിന്നകുംഭിയ്ക്കുതിർകട്ടി മുഷ്ടികൻ
വിഭിന്നനായീ ബലഭദ്രമുഷ്ടിയാൽ. 284

പ്രമാണിമല്ലപ്പെരുമാക്കളെത്തക-
ർത്തമാന്തമെന്ന്യേ ശലകോസലാദ്യരെ
ക്രമാൽ ദ്രുതം കൊന്നിവർ മററു മല്ലരേ
ക്ഷമാവരൻ കാൺകെയടിച്ചകററിനാർ 2·5

വിളിച്ചുകൂട്ടിച്ചില ഗോപബാലരായ്-
ക്കുളിച്ചു തച്ചു ബലരാമമാധവർ
ഒളിച്ചുനോക്കും പുരനാരിമാരണി-
ച്ചുളിച്ചുണക്കണ്മണിമാല ചാർത്തിയോർ. 286

മഹർഷിവീണാധരനറ്റനാക്കമാ-
മഹർദ്ധികൂട്ടം രണരംഗഭൂമിയിൽ
അഹങ്കരിപ്പൂ പറകൊട്ടിയാർത്തുകൊ-
ണ്ടഹമ്മതിക്കൂത്തു മുഴുത്ത കുട്ടികൾ. 287

"ഇതെന്തു കൂത്താണി,വിടത്തിലാരുമി-
ല്ലിതെങ്ങുമെന്നോ ബഹളം നിറുത്തുവാൻ ?
ഇതെൻറ നോട്ടക്കുറവെ,ൻറ ദോഷമതി-
ന്നതെന്തിനാണത്തമകന്ന വിഡ്ഢികൾ ? 288

ഇടിച്ചുകൊൽവിൻ ഖലബാലരെത്തിരി-
ച്ചടിച്ചയപ്പിൻ പശുപാലവർഗ്ഗമേ,
പിടിച്ചുകെട്ടിൻ വസുദേവനെപ്പുറ-
ത്തടിച്ചു പായിയ്ക്കുവിനുഗ്രസേനനെ. 289

പിതാവിതല്ലാ, ദ്രമിളാഖ്യദാനവ-
പ്രതാപി ഗന്ധർവ്വന പുത്രനാണു ഞാൻ;
ഹതാരി ദൈത്യപ്രൗഢ കാലനേമി ഞാ-
നിതാ വിരോധിപ്രകരം മുടിയ്ക്കുവൻ". 290

ഇവണ്ണമോരോന്നുയരത്തിൽ മഞ്ചമാ-
ണ്ടവൻ പരം കംസനരത്തുരയ്ക്കവേ
സ്വവർഗ്ഗമോടൊത്തു കളിയ്ക്കുമച്യുതൻ
ജവം കുതിച്ചുച്ചമുയന്നു ചാട്ടമാം. 291

കുതിച്ചു ചാടിപ്പലമഞ്ചവീഥിയോ-
ടെതിർത്തുപൊന്തിക്കളിയാടിയങ്ങിനേ
അതിദ്രുതം കംസകരീന്ദ്രനുള്ളിടം
പതിച്ചു സിംഹാരവഘോരനാം ഹരി. 292

കുടുത്തു കണ്ടപ്പൊഴൊന്നു ഞെട്ടി വാ-
ളെടുത്തു കംസൻ പരിചപ്പിടിപ്പൊടും
തടുത്തു പെട്ടെന്നു തുറിച്ച കണ്ണുമായ്-
ക്കടുത്തുടൻ കണ്ണനെയൊന്നു നോക്കിനാൻ. 293

തിരിച്ചുമമ്മട്ടു മറിച്ചുമൂക്കൊടും
ചെരിച്ചുമോരോവക വെട്ടു വെട്ടിനാൻ
മരിച്ചുവീഴാൻ കരുതുന്ന മാതുലൻ
ചിരിച്ചു ചാഞ്ചാടിന ഭാഗിനേയനെ. 294

സ്വമാതുലൻ വീശിന വീക്കശേഷവും
സ്വമായയാൽച്ചാഞ്ഞു ചെരിഞ്ഞൊഴിഞ്ഞവൻ
അമാന്തമാക്കിപ്പുഴതേ കളഞ്ഞുകൊ-
ണ്ടമാനുഷക്കട്ടി കളിച്ചു കേശവൻ. 295

ഒരുങ്ങിനിന്നു പിടികൂടുവാൻ പരം
പരുങ്ങിയാഞ്ഞും പെടി പാഞ്ഞ കംസനെ;
കരുത്തനാവീരനമുന്നിവന്ന കൈ-
വരുത്തു കണ്ണന്റെ തലയ്ക്കു റാഞ്ചുവാൻ. 296

തരത്തിലുന്നിപ്പിരിയുമ്പൊഴൊപ്പമേ
ശിരസ്സിലെത്തിപ്പിടികൂടിനാരവർ;
അരം ഞെരിച്ചാപ്പരിചത്തടപ്പിടി-
ക്കരം തിരിയ്ക്കുത്തല മാററി മാധവൻ. 297

ഇറുക്കമേറും വിരൽക്കൂട്ടി മാധവൻ
മുറുക്കെയ്യുന്നും പിടി വേർപെടുത്തുവാൻ
ഞെരുക്കമായ്യീ മകുടം തെറിച്ചുപോയ്
തിരുക്കുമേററു പലപാടലയ്ക്കയാൽ. 298

കരസ്ഥമാംഖഡ്ഗവുമാശു [illegible]ർമ്മവും
നിരസ്തമാമ്മാറു വലിച്ചുലച്ചുടൻ
പരൻെറ രോഷാരുണഭീഷണാനനം
പരൻ പുമാൻ കണ്ടു രസിച്ചു സസ്മിതം. 299

മുടിപ്പിടുത്തത്തിൽ വിടാതെ വീരനെ-
പ്പിടിച്ചുലച്ചുച്ചപദത്തിൽനിന്നുടൻ
ചൊടിച്ചു കീഴ്പോട്ടു മറിച്ചു താനുമ-
പ്പടിയ്ക്കു ചാടീ ഹരി രംഗഭൂമിയിൽ. 300

നിരസ്തജീവസ്ഥിതിയാന്ന കംസനെ-
പ്പുരം നിലത്തിട്ടു വലിച്ചു മാധവൻ
അരം കഴുത്തിൽജ്ജഗദംബികാനഖം
നിരന്നു കാണായിവരുംവരേയുമേ. 301

തദാ ജഗന്മായ നഖം തറച്ചു സ-
മ്മദാൽ സ്വയം മൌഢ്യമൊഴിച്ചു ബോധവാൻ
സദായ്പ്പൊഴും പേടിയൊടോൎത്ത കൃഷ്ണനിൽ-
ത്തദാത്മതാവസ്ഥിതിയാന്നു ഭാഗ്യവാൻ. 302

ഒഴിഞ്ഞു സാംസാരികബന്ധമീ[illegible]
വഴിഞ്ഞു സച്ചിൽസുഖമെ[illegible]ൻ
കിഴിഞ്ഞുപോകാപ്പടി പൂൎണ്ണവിഷ്ണുവായ്
കഴിഞ്ഞു കംസൻ കഥയായി മംഗളം. 303

മുക്കാൽമുകുന്ദനിലയെത്തിന കാലനേമി
ത്തൽക്കാലമിങ്ങിനെ പിറന്നു വളൎന്ന വീരൻ
ചൊൽക്കൊണ്ടയന്ന പുരുഷാൎത്ഥചതുഷ്ടയത്തെ-
ക്കയ്ക്കൊണ്ടു പൂൎണ്ണപരചിന്മയനായി കംസൻ. 304

കണ്ണ

നിപ്പിരിക്കു

**KOTTAYAM PUBLIC LIBRARY**
JAWAHAR BAL BHAVAN & CHILDREN'S LIBRARY
KOTTAYAM. 3499

Cl. No. MA10    Acc. No. ____________

This book should be returned on or before the date last stamped below.

-3 MAR 1979

# പുതിയ പ്രസിദ്ധീകരണങ്ങൾ.

പത്മരാഗം—S. K. പൊറ്റെക്കാട്ട്
(പുതിയ പരിഷ്കരിച്ച പതിപ്പ്) 1_8_0

പ്രേമശിക്ഷ— ടി ടി ടി 1_0_0

നാടൻപ്രേമം— ടി ടി ടി 1_0_0

സപ്തമേഖല—സ്വാമി ബ്രഹ്മവ്രതൻ. 0_12_0

പിധി I-ാംഭാഗം കെ. സുകുമാരൻ ബി. എ. 2-8-0

ടി — രണ്ടാംഭാഗം— ടി ടി 2-8-0

അഴകുള്ളപെണ്ണ്— ടി ടി 2-8-0

രാജാജി—വിദ്വാൻ ടി. കെ. രാമമേനോൻ. 1-4-0

ശ്രീ സരോജിനീദേവി— ടി ടി 0_10_0

വല്ലഭായിപട്ടേൽ—പി. കെ. നായർ. 1-8-0

നമ്മുടെ പക്ഷികൾ—
എം. നാരായണൻ ബി. എ., എൽ. ടി. 1-4-0

വിഹഗവീക്ഷണം—
വിദ്വാൻ കെ. എസ്സ്. എഴുത്തച്ഛൻ. 1_0_0

മിസ്രയിലെറാണി–അഥവാ–എല്ലാംകളഞ്ഞ കാമം–
കെ. സുകുമാരൻ, ബി. എ. 2_0_0

വിജ്ഞാനവീചി—
പി. എൻ. മൂസ്സത്, ബി. എ., എൽ. ടി. 2-0-0

നടക്കുന്ന കഥകൾ—സി. ജനാർദ്ദനമേനോൻ 0-10-0

ലണ്ടൻ കത്തുകൾ—സി. ബി. കുമാർ. 2_8_0

ചിത്രഹർമ്മ്യം—കെ. എസ്സ്. എഴുത്തച്ഛൻ. 1-8-0

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്